# ദജ്ജാൽ
## സംശയങ്ങളും നിവാരണവും

അബ്ദുർ റഹ്മാൻ കാക്കനാട്

പ്രസാധകർ
നസാറത് നശ്റോ ഇശാഅത്ത്
സദർ അഞ്ചുമൻ അഹ്മദിയ്യാ - ഖാദിയാൻ

# ദജ്ജാൽ

## സംശയങ്ങളും നിവാരണവും

അബ്ദുർ റഹ്മാൻ കാക്കനാട്

പ്രസാധകർ
നസാറത് നശ്റോ ഇശാഅത്ത്
സദർ അഞ്ചുമൻ അഹ്മദിയ്യാ – ഖാദിയാൻ

**DAJJAL**
Malayalam

Author : Abdurahiman Kakkanad

DTP & Layout : Suhana Ashraf

Published by: Nazarat Nashro Isha'at,
Sadr Anjuman Ahmadiyya, Qadian- 143516

2nd Edition : 2016 March

Copies: 1000

Printed at: Orange Offset Printer,Calicut

# അവതാരിക

ഭൂഗോളം നിറഞ്ഞു നിൽക്കുന്ന ദജ്ജാലെന്ന സത്വത്തെ കാണാൻ ചെറുപ്പത്തിൽ ഞാൻ കൊതിച്ചു. അങ്ങനെ ഒരു സത്വം ഉണ്ടാകാനിടയില്ലെന്നു പ്രായമായപ്പോൾ മനസ്സ് പറഞ്ഞു. ദജ്ജാലിന്റെ പുറപ്പാട് തറപ്പിച്ചു പറയുന്ന മതഗ്രന്ഥങ്ങളുടെ പരിശുദ്ധിയിൽ പോലും എനിക്ക് സംശയമായി.

ദജ്ജാലിനെ ഓടിച്ചിട്ട് കൊല്ലുന്ന മഹാശക്തിയെ യാദൃശ്ചികമായി ഞാൻ കണ്ടെത്തി. അപ്പോൾ ദജ്ജാൽ എന്റെ കൺമുൻപിൽ തെളിഞ്ഞു വന്നു. ഞാൻ അവനെ കണ്ടു. അവന്റെ ഒറ്റക്കണ്ണും, സ്വർഗ്ഗവും നരകവും പേറുന്ന കൈകളും കണ്ണെത്തുന്നിടത്ത് കാലെത്തുന്ന വേഗതയും എഴുപത് വാര അകലമുള്ള ചെവികളോടു കൂടിയ അവന്റെ കഴുതയേയും എല്ലാം. ദജ്ജാലിനേയും അവനെ വധിക്കുന്ന ഇബ്നുമറിയമിനേയും സംബന്ധിച്ച് കാക്കനാട് മജ്ലിസുൽ ഇൽമി വൽ ഇർഫാൻ എന്ന സംഘടനയുടെ ചർച്ചാ ക്ലാസിൽ വിവരിക്കാൻ 1984ൽ എനിക്കവസരം ലഭിച്ചു. അതിൽ സംബന്ധിച്ചിരുന്നവർക്കെല്ലാം എന്റെ വിവരണം തൃപ്തികരമായി. പുസ്തകരൂപത്തിൽ ഈ വിവരണം പ്രസിദ്ധീകരിക്കണമെന്ന് അവർ ആഗ്രഹം പ്രകടിപ്പിച്ചു. അവരുടെ ആഗ്രഹത്തിന്റെ പൂർത്തികരണമാണ് ഈ കൃതി.

ചർച്ചാ ക്ലാസ്സിൽ ഞാൻ വിവരിച്ച അതേ രൂപത്തിൽ തന്നെ വിഷയം ഈ കൃതിയിൽ അവതരിപ്പിച്ചിരിക്കുകയാണ്. ഇതിനു സാഹിത്യമേന്മയില്ല. ഗ്രന്ഥരചനയിലാവശ്യമായ അടുക്കും ചിട്ടയുമില്ല. കാര്യങ്ങൾ പരത്തി പറയുന്ന ശീലക്കാരനായ ഒരു ദൈവവിശ്വാസിയുടെ ആത്മാർഥത മാത്രമേ കാണുകയുള്ളു.

ആത്മീയതയുടെ യഥാർത്ഥ ലോകത്തേക്ക് എത്തിനോക്കാൻ എന്നെ സഹായിച്ച പല പണ്ഡിതന്മാരേയും ഞാൻ ഈ അവസരത്തിൽ ഓർമ്മിക്കുന്നു. എല്ലാവരുടെയും പേരുകൾ നന്ദിപൂർവ്വം മനസ്സിൽ ഒതുക്കിവച്ചുകൊണ്ട്

അബ്ദുർ റഹ്മാൻ കാക്കനാട്

# മസീഹുദ്ദജ്ജാൽ

## ദജ്ജാൽ

ഭൂഗോളം മുഴുവൻ നിറഞ്ഞു നിൽക്കുന്ന സത്വം. ഒറ്റക്കണ്ണൻ, ഒരു കാൽ പൂർവദിക്കിലാണെങ്കിൽ മറുകാൽ പശ്ചിമ ദിക്കിൽ. ആൾ പുരുഷൻ കൂടിയാണെങ്കിലുള്ള അവസ്ഥ ഓർത്താൽ ചിരി വന്നു പോകും.

ചിരിക്കാൻ പാടില്ല. കാരണം ദജ്ജാൽ വലിയ ഉപദ്രവകാരനണ്. ഉപദ്രവം മുസ്‌ലിംകൾക്കുമാണ്. ദജ്ജാലിന്റെ ഉപദ്രവത്തിൽ നിന്നും രക്ഷ നൽകാൻ മുസ്‌ലിംകൾ പ്രാർത്ഥിക്കുന്നു. നമസ്കാ രത്തിലെ അവസാനത്തെ അപേക്ഷ ദജ്ജാലിൽ നിന്ന് രക്ഷ നൽ കാനാണ്. ഈ പ്രാർഥന നിലനിൽക്കുന്ന കാലം വരെ ദജ്ജാൽ പുറപ്പെടുകയില്ല.

ദജ്ജാൽ പുറപ്പെടേണ്ട ദിവസം എല്ലാവരും ആ പ്രാർഥന മറന്നു പോകും. അല്ലെങ്കിൽ ആരും പ്രാർഥിക്കാത്ത ഒരു ദിവസമായിരിക്കും അത്. ദജ്ജാൽ പുറപ്പെടും. ലോകം മുഴുവൻ ചുറ്റിയടിക്കും. അതാണ് അവനു മസീഹുദ്ദജ്ജാൽ എന്ന് പേരു വന്നത്. മസീഹ് എന്നാൽ സഞ്ചാരി എന്നാണർഥം.

ദജ്ജാൽ തന്നെ ദൈവമായി സ്വീകരിക്കാൻ മനുഷ്യകുലത്തെ മുഴുവൻ ക്ഷണിക്കും. ദൈവകാര്യത്തിൽ വലിയ നിർബന്ധമൊന്നുമില്ലാത്ത കാഫിരീങ്ങൾ അവന്റെ വിളിക്ക് ഉത്തരം നൽകും. മുസ്‌ലിംകളാണ് കുഴയുക. അവരിൽ ഈമാൻ കുറഞ്ഞ കൂട്ടക്കാർ അവനാണ് പടച്ചവൻ എന്ന് കരുതി വഴിപിഴച്ച് പോകും.

ഈമാൻ ഉറപ്പുള്ള മുസ്‌ലിംകൾ അവനെ ദൈവമായിട്ടംഗീകരിക്കുകയില്ല. അവരെ അവൻ ഉപദ്രവിക്കും. അവന്റെ കൈവശമുള്ള

നരകത്തിലേക്ക് അവരെ പിടിച്ചിടും. വിശ്വസിക്കുന്നവരെ അവന്റെ കൈവശമുള്ള സ്വർഗത്തിലേക്കും. സ്വർഗവും നരകവും അവന്റെ കൂടെ തന്നെ ഉണ്ടായിരിക്കും.

വിശ്വസിക്കാത്തവരെ അവൻ രണ്ടായി വെട്ടിമുറിക്കും. ഈർച്ച വാൾ കൊണ്ട് ഈർന്ന് കഷ്ണിക്കും, വീണ്ടും ജീവൻ നൽകും. എന്നിട്ട് വിശ്വസിക്കാൻ കൽപിക്കും. ഈമാൻ നിറവടിയായവരാകട്ടെ, ഇതിലൊന്നും കുലുങ്ങുകയില്ല. അവർ അവനെ കാഫിറേ, നിന്നെ ഞങ്ങൾ വിശ്വസിക്കില്ല എന്ന് തന്നെ വിളിച്ചു പറയും. അവരെ അവൻ അവന്റെ നരകത്തിലേക്ക് വലിച്ചെറിയും. എന്നാൽ ആ നരകം മുഅ്മിനീങ്ങൾക്ക് ശരിയായ സ്വർഗം തന്നെയായിരിക്കും.

ദജ്ജാൽ ആകാശത്തേക്ക് നോക്കി ആജ്ഞ നൽകും. മേഘമേ മഴ വർഷിപ്പിക്കൂ! ക്ഷണനേരം കൊണ്ട് പേമാരി വർഷിക്കും. നിൽക്കട്ടെ എന്നു ദജ്ജാൽ പറയുമ്പോൾ മഴ നിൽക്കും. ഭൂമിയെ നോക്കി അവൻ ഗർജ്ജിക്കും. എല്ലാ നിധികളും പുറത്തുവരട്ടെയെന്ന്. ഭൂമിയുടെ അകത്ത് സൂക്ഷിച്ചിട്ടുള്ള നിധികളെല്ലാം ഇന്ദ്രജാലം കണക്കെ പൊങ്ങിവരും. ദജ്ജാൽ നടന്നു നീങ്ങുമ്പോൾ ആ നിധികളും അവനെ പിന്തുടരും.

ദജ്ജാലിന്റെ കൂടെ അപ്പത്തിന്റെ മല തന്നെയുണ്ടാകും. അവനെ അനുധാവനം ചെയ്യുന്ന ഹിമാലയൻ അപ്പമലകൾ. അവനെ നദികളും പിന്തുടരുന്നുണ്ടാകും.

ദജ്ജാൽ പോകുന്നതിന്റെ പിന്നാലെ ഒഴുകികൊണ്ടിരിക്കുന്ന നദികൾ. ദജ്ജാലിനെ കാണാൻ എന്റെ ബാലമനസ്സ് കൊതിച്ചു കൊണ്ടിരുന്നു. ആകാശം മുട്ടെ നിറഞ്ഞ് നിൽകുന്ന അപൂർവ രൂപം കാണാനുള്ള കൊതി. നടക്കുന്ന റൊട്ടിമലകൾ കണ്ട് രസിക്കാനുള്ള കൊതി. ഞാൻ എന്നോട് തന്നെ ചോദിക്കുമായിരുന്നു,

ദജ്ജാൽ വന്ന് വിശ്വസിക്കാൻ പറയുമ്പോൾ ഞാൻ വിശ്വസിച്ച് കളയുമോ? 'ഇല്ലാ' എന്ന് ഒരു നൂറുവട്ടം എന്റെ മനസ്സ് പറഞ്ഞിട്ടുണ്ട്. കാരണം ഈ ഒറ്റകണ്ണനായ അദ്ഭുതസത്വം കാണുമ്പോൾ തന്നെ എനിക്കറിയാമല്ലോ ഇവൻ ദജ്ജാലാണെന്ന്. ഇവന്റെ കാര്യം എന്റെ ദീനിൽ പറഞ്ഞിട്ടുണ്ടെന്നും. അവൻ എന്നെ ഈർച്ച വാൾ കൊണ്ട് ഈർന്ന് പിളർക്കുന്നത് ഞാൻ ഭാവനയിൽ കണ്ടിട്ടുണ്ട്. എന്റെ രക്തം പല്ലുകളിൽ കൂടി ഒഴുക്കി എന്നെ രണ്ട് പൊളിയാക്കിമാറ്റുന്ന ദജ്ജാലിന്റെ ഈർച്ചവാൾ.

# ദജ്ജാൽ മിഥ്യയോ?

ഹദീഥിന്റെ കിത്താബുകൾ നോക്കാനും കുറച്ചൊക്കെ മനസ്സിലാക്കാനും ആയ കാലത്ത് ദജ്ജാലിന്റെ തനിരൂപം ഗ്രഹിക്കാൻ ഞാൻ ശ്രമം നടത്തി. പറഞ്ഞ് കേട്ട കഥകൾക്ക് അനുയോജ്യമായ രീതിയിൽ തന്നെ ദജ്ജാലിന്റെ പുറപ്പാട് നബി(സ) പറഞ്ഞിരിക്കുന്നു.

പ്രബലമായ ഹദീഥുകൾ ക്രോഡീകരിച്ചിട്ടുള്ള മിശ്ക്കാത്ത് എന്ന ഗ്രന്ഥം ഓതിപ്പഠിച്ച കാലത്ത് അതിൽ പലതരം നിവേദനങ്ങളിലായി ദജ്ജാലിനെ തെളിഞ്ഞു കണ്ടു. ദജ്ജാൽ ഒരു മിഥ്യയല്ല. യാഥാർഥ്യമാണെന്നു സമ്മതിക്കാതെ തരമില്ലാത്ത വിധം നബി(സ) പറഞ്ഞിരിക്കുന്നു.

ഹദീസുകളിൽ കണ്ട ദജ്ജാലിന്റെ ലക്ഷണങ്ങൾ അക്കമിട്ട് പറയുകയാണെങ്കിൽ അത് ഏകദേശം ഇപ്രകാരം ക്രോഡീകരിക്കാം.

- *വലത് കണ്ണിന് കാഴ്ചയില്ലാത്തവനും ഇടത് കണ്ണ് നല്ല തെളിച്ചമുള്ളവനും.*
- *അവന്റെ നെറ്റിയിൽ കഫറ എന്ന അക്ഷരത്രയം ആലേഖനം ചെയ്തിരിക്കും. സാക്ഷരനും നിരക്ഷരനും അത് വായിക്കും.*
- *അവന്റെ കൂടെ ഒരു കഴുത ഉണ്ടായിരിക്കും. കാറ്റിലെ മേഘംകണക്കെ ആ കഴുത ചലിക്കും. അതിന്റെ ചെവികൾക്കിടയിലുള്ള അകലം ഏഴുപത് വാരയായിരിക്കും.*
- *ആദിമനുഷ്യൻ തൊട്ട് അന്ത്യനാൾ വരെയുള്ള കാലയളവിൽ ദജ്ജാലിനോട് സമാനമായ നാശം വേറെ ഉണ്ടായിക്കാണുകയില്ല.*
- *സ്വർഗവും നരകവും അവൻ കൂടെ കൊണ്ടു നടക്കും;*
- *തന്നെ അനുസരിക്കുന്നവർക്ക് നൽകാൻ അപ്പത്തിന്റെ മലകൾ അവൻ കൂടെ കൊണ്ടു നടക്കും.*
- *അവൻ മഴ പെയ്യിക്കും, മരുഭൂമിയിൽ കൂടി നടക്കുമ്പോൾ നിക്ഷേ പങ്ങൾ പുറത്താവുകയും ആ നിക്ഷേപങ്ങൾ തേനീച്ചകൾ റാണി ഈച്ചയെ പിന്തുടരുന്നപോലെ പിന്തുടരുകയും ചെയ്യും.*
- *മക്കയും മദീനയും ഒഴിച്ച് ലോകം മുഴുവൻ അവൻ ചുറ്റി സഞ്ചരിക്കും.*
- *ദജ്ജാലിന്റെ വിളി ലോകം മുഴുവൻ കേൾക്കാൻ കഴിയും.*
- *ദജ്ജാലിന്റെ ഉപദ്രവത്തിൽ നിന്നും രക്ഷപ്പെടണമെന്നുള്ളവർ*

*സൂറ: കഹ്ഫിലെ ആദ്യത്തെ ആയത്തുകൾ മുറക്ക് ഓതിക്കൊണ്ടിരിക്കണം.*

- *ദജ്ജാലിനെ ഇബ്നുമർയമായിരിക്കും കൊലപ്പെടുത്തുക.*
- *ഇബ്നുമർയമിന്റെ ശ്വാസം ഏൽക്കുന്ന മാത്രയിൽ ദജ്ജാൽ മരിച്ചു വീഴും.*
- *ഇബ്നുമർയമിനു മുൻപിൽ വെള്ളത്തിൽ ഉപ്പ് അലിയുന്ന മാതിരി ദജ്ജാൽ അലിയും.*
- *ബാബുലുദദ് എന്ന സ്ഥലത്ത് വെച്ച് ദജ്ജാൽ നിഗ്രഹിക്കപ്പെടും.*

സുവ്യക്തമായ ഈ നബിവചനങ്ങൾ അവഗണിക്കാൻ നിർവാഹമില്ലാത്തതിനാൽ ദജ്ജാൽ എന്ന സത്വത്തിന്റെ വരവ് പ്രതീക്ഷിക്കാതെ നിവൃത്തിയില്ലാതെയായി. ഹദീഥിനെ അടിസ്ഥാനമാക്കി ഗ്രന്ഥരചയിതാക്കൾ ദജ്ജാലിനു പല അലങ്കാരങ്ങളും നൽകിയത് കാണാൻ കഴിഞ്ഞു. ചിലരുടെ യുക്തിബോധം ഇത് വിശ്വസിക്കാൻ വിലങ്ങടിച്ച് നിൽക്കുന്നത് ദൃശ്യമായി. ക്രമേണ ഞാനും അക്കൂട്ടത്തിൽ പെടുകയായിരുന്നു.

## എന്താണ് ഈ ദജ്ജാൽ?

പല മൗലവിമാരോടും അന്വേഷിച്ചു. ഹദീഥിലുള്ളത് അതേപോലെ വിശ്വസിക്കുക എന്നല്ലാതെ അവർക്ക് പറഞ്ഞുതരാൻ ഒന്നുമില്ലായിരുന്നു. അവർ പുറമെ ദജ്ജാലിന്റെ പുലർച്ച ഹദീഥിലുള്ളത് പോലെ നടക്കുമെന്നു പറയുമെങ്കിലും ഉള്ളിൽ കൃത്യമായ ഉത്തരത്തിനു വേണ്ടി ദാഹിക്കുന്നവരാണെന്ന് എനിക്കറിയാൻ കഴിഞ്ഞു.

അറിഞ്ഞുകൂടാ എന്ന് തുറന്ന് പറയാനുള്ള ആർജ്ജവം പണ്ഡിതന്മാർക്കും പൊതുവെ ഇല്ലാത്തതിനാൽ അവർ ഒഴുക്കൻ മട്ടിൽ പറയുമായിരുന്നു. അതെ പറ്റിയൊന്നുമല്ലാ ഇപ്പോൾ മനസ്സിലാക്കേണ്ടത്, ഇപ്പോൾ ഇന്നത്തെ പ്രശ്നങ്ങൾ പഠിക്കുക. ദജ്ജാൽ അവസാനകാലമല്ലെ വരുന്നത്. അന്ന് അതിനെ പറ്റി പഠിച്ചാൽ മതി.

ഹദീഥുകളിൽ പിടിച്ച് തൂങ്ങരുത്. ഹദീഥുകളിൽ ഒട്ടധികം പാളിച്ചകളുണ്ട്. നമുക്ക് ഖുർആൻ മാത്രം എടുത്താൽ മതി എന്ന് പറ

യുന്ന ചിലരെയും കണ്ടെത്തി. അവർ ചെരിപ്പിനൊപ്പിച്ച് കാലുകൾ ചെത്തി മിനുക്കാൻ മാത്രമല്ലാ തൊപ്പിക്കൊപ്പിച്ച് തല തന്നെ ചിന്തേരിടാൻ വ്യഗ്രത കാണിക്കുന്നു. എവിടെയോ തകരാറുണ്ട് എന്ന് എന്റെ മനസ്സ് അസ്വസ്ഥപ്പെട്ടു.

നബി(സ)യുടെ പേരിൽ ഇത്രയധികം വ്യാജകഥകൾ പ്രചരിക്കുമോ, ഇങ്ങനെ ഒരു സത്വം പ്രത്യക്ഷപ്പെടുമെന്ന് പിൻഗാമികൾ പറഞ്ഞ് പരത്തിയിട്ട് എന്ത് കാര്യം?

ഒരിക്കലും ഒരടിസ്ഥാനമില്ലാത്ത കെട്ട് കഥ നബി(സ)യുടെ പേരിൽ പ്രചരിച്ചതാണെന്ന് കരുതാൻ നിവൃത്തിയില്ല. ദിവ്യബോധനത്തോടു കൂടിയല്ലാതെ സ്വേച്ഛയാൽ പ്രവാചകൻ സംസാരിക്കുകയില്ലെന്ന് ഖുർആൻ തറപ്പിച്ച് പറയുന്നു. അപ്പോൾ ഏതെങ്കിലും കെട്ട് കഥ നബി(സ) യെ സ്വാധീനിച്ചതാണെന്ന് കരുതാനും നിവൃത്തിയില്ല. പിന്നെ ദജ്ജാൽ എന്നാൽ എന്ത് ?

## ഉത്തരമില്ലാത്ത ചോദ്യം

ദജ്ജാൽ മനുഷ്യനാണോ, അതോ മറ്റു വല്ല ജീവിയുമോ? മനുഷ്യൻ ദുർബലനായിട്ടാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത് എന്ന് പരിശുദ്ധ ഖുർആൻ പറയുന്നു. ദജ്ജാൽ ദുർബലനല്ല, പ്രബലനാണ്. ദജ്ജാലിന് തുല്യനായി മറ്റാരെങ്കിലുമുണ്ടോ? ഉള്ളതായി വിവരമില്ല, അപ്പോൾ തുല്യതയില്ലാത്തവൻ അല്ലാഹു മാത്രമാണന്ന് ഖുർആൻ ഖണ്ഡിതമായി പറഞ്ഞത് തെറ്റാകുകയില്ലേ?

ഒരു കാര്യം ഉണ്ടാകട്ടെ എന്ന് കൽപിച്ചാൽ അതുടൻ ഉണ്ടായിത്തീരും എന്നതാണ് അല്ലാഹുവിന്റെ അസ്തിത്വത്തിനു തെളിവായി ഖുർആൻ വ്യക്തമാക്കിയത്. അല്ലാഹുവിന്റെ മാത്രം ഗുണവുമാണത്. ഇവിടെ ഇതാ ദജ്ജാൽ കൽപിക്കുമ്പോൾ അത് ഉടൻ ഉണ്ടാകുന്നു. മരിച്ചവരെ ജീവിപ്പിക്കുന്നത് അല്ലാഹുവിന്റെ പ്രത്യേക അധികാരമാണ്. ദജ്ജാലിനു അതേ അധികാരമുണ്ടെന്ന് കരുതുകയോ.?

ദജ്ജാൽ ഒരു കടം കഥയായി തള്ളിക്കളയാനും നിവൃത്തിയില്ല. തമീമുദ്ദാരി എന്ന സഹാബി വര്യൻ ക്രിസ്ത്യൻ പള്ളിയിൽ തളച്ചിട്ട ഒരു ഭീകരനെ കണ്ടതായി ഹദീഥിൽ വിവരിക്കുന്നു. കപ്പലപകടത്തിൽ പ്പെട്ട് ഒരു ദ്വീപിൽ രക്ഷപ്പെട്ട ആ സഹാബിവര്യനെ ക്രിസ്ത്യൻ പള്ളിയിലേക്ക് ഒരു മൃഗമാണ് കൂട്ടികൊണ്ട് പോയത്. അവിടെ

ചങ്ങലക്കിട്ടിരിക്കുന്ന ഒരു മനുഷ്യൻ ആ സഹാബിയോട് നബി(സ) യുടെ നിയോഗത്തെക്കുറിച്ചും മറ്റും അന്വേഷിച്ചു. നബി(സ)യുടെ നിയോഗം നടന്നു കഴിഞ്ഞുവെന്ന് സഹാബി പറഞ്ഞപ്പോൾ തനിക്ക് ലോകസഞ്ചാരത്തിനിറങ്ങാൻ സമയമായിട്ടുണ്ടെന്ന് അയാൾ പറഞ്ഞു. ഈ സംഭവം മറ്റ് സഹാബാക്കളേയും നബി(സ) കേൾപ്പിക്കുകയും അവസാനകാലം പുറപ്പെടുന്ന ദജ്ജാലാണ് ചങ്ങലക്കിടപ്പെട്ട വ്യക്തിയെന്ന് പറഞ്ഞു കൊടുക്കുകയും ചെയ്തു. മുസ്ലിം നിവേദനം ചെയ്ത ഈ ഹദീഥിൽ നിന്നും തമീമുദ്ദാരി ദജ്ജാലിനെ കണ്ടതായി മനസ്സിലാകുന്നു. നൂറ്റാണ്ടുകളായി ചങ്ങലക്കിട്ട നിലയിൽ ഒരാളെ കാത്ത് സൂക്ഷിച്ചു വെക്കേണ്ട ആവശ്യമെന്ത് എന്ന ചോദ്യം ഇവിടെ ഉയരുന്നു.

ദജ്ജാലിനെ കൊല്ലാൻ ഇബ്നുമർയം ഇറങ്ങിവരുമെന്നും ബാബുലുദ്ദിൽവെച്ച് കൊല നടക്കുമെന്നും പറയുന്നു. ബുദ്ധിക്കു തല ചുറ്റലുണ്ടാക്കുന്ന വിവരണങ്ങൾ വിശ്വസിക്കാനും വയ്യ. വിശ്വസിക്കാതിരിക്കാനും വയ്യ, ഇത്തരം ഒരു ദജ്ജാൽ വരുമെന്ന് വിശ്വസിച്ചാൽ സത്തയിലും, ഗുണത്തിലും, പ്രവർത്തിയിലും തുല്യതയില്ലാത്തവനാണ് എന്ന ദൈവസങ്കൽപത്തിനു ക്ഷതമേൽക്കും. ദജ്ജാൽ കടംകഥയാണെന്ന് കരുതിയാൽ പ്രബലമായ ഹദീഥുകളാൽ സ്ഥാപിതമായതും, നബിതിരുമേനിയുടെ കാലം മുതൽക്കേ പരമ്പരാഗതമായി പ്രാർത്ഥനയിൽ അഭയം ചോദിച്ചുകൊണ്ടിരിക്കുന്ന ഒന്നിനെ നിഷേധിക്കലാകും.

പഴംകഥയിൽ പറഞ്ഞപോലെ ‘ സത്യം പറഞ്ഞാൽ ഉപ്പ ഉമ്മയെ തല്ലും. പറയാതിരുന്നാൽ ഉപ്പ പട്ടിയിറച്ചി തിന്നും ”എന്ന അവസ്ഥ..

ബുദ്ധിക്കും യുക്തിക്കും നിരക്കാത്ത ഒന്നും തന്നെ ഇസ്ലാം മതത്തിലില്ല എന്ന് പണ്ഡിതന്മാർ പ്രസംഗിക്കുമ്പോൾ അന്നൊക്കെ എന്റെ മനസ്സ് പിറുപിറുക്കുമായിരുന്നു. ഒരു ഹിമാലയൻ ദജ്ജാലുണ്ട്. ദജ്ജാലിന്റെ ഫിത്നയിൽ നിന്ന് അല്ലാഹുവിനോട് അഭയം തേടുന്നു എന്ന് പ്രാർഥിക്കുമ്പോൾ തലച്ചോറിലൊതുങ്ങാത്ത ആകാരപുഷ്ടിയുള്ള ഒരു സത്വം എന്റെ മനസ്സിൽ ഓടിയെത്തും. മുസ്ലികൾക്ക് മാത്രമല്ല ക്രിസ്ത്യാനികൾക്കിടയിലും ദജ്ജാലിനെക്കുറിച്ച് പ്രചാരണം ഉണ്ടെന്ന് കേട്ടപ്പോൾ അദ്ഭുതം വർദ്ധിച്ചു. അന്തിക്രിസ്തുവെന്ന പേരിൽ അവരും ദജ്ജാലിനെ പ്രതീക്ഷിക്കുന്നത്രെ.

അപ്പോൾ മുഹമ്മദ് നബി(സ) മുൻപുതന്നെ ദജ്ജാലിന്റെ കാര്യം പരാമർശിച്ചിട്ടുണ്ടാകണം. മിശ്ക്കാത്തിലെ ഹദീഥിലെ തുടക്കം എനിക്കോർമവന്നു.

'ഒറ്റക്കണ്ണനായ പെരും നുണയനെപ്പറ്റി തന്റെ ജനത്തോട് ഭയപ്പെടുത്തി പറഞ്ഞിട്ടില്ലാത്ത ഒരു നബിയും കഴിഞ്ഞുപോയിട്ടില്ലാ' അപ്പോൾ ഈസാനബിയും മൂസാനബിയും ദജ്ജാലിനെക്കുറിച്ചു പറഞ്ഞു കാണും. ആ ദജ്ജാലിന്റെ പുറപ്പാട് തന്റെ കാലശേഷം അവസാനകാലത്തിലായിരിക്കും എന്ന് നബിതിരുമേനി(സ) പറയുന്നു. അവനെ വധിക്കുന്നത് ഇബ്നുമറിയമായിരിക്കും. യുക്തിയുടേയും ബുദ്ധിയുടേയും കടുത്ത പ്രതിഷേധം വകവെക്കാതെ ദജ്ജാലിന്റെ വിശേഷതകളൊന്നും ശ്രദ്ധിക്കാതെ അവസാനകാലം ദജ്ജാൽ പുറപ്പെടും എന്നു ഞാനും വിശ്വസിച്ചു. ദജ്ജാൽ ആര് എന്ന ചോദ്യത്തിന് ഉത്തരമില്ലെന്നും ഞാൻ ധരിച്ചു.

## ദജ്ജാലിനെ വധിക്കുന്ന ഇബ്നുമർയം

ദജ്ജാൽ പുറപ്പെടുന്നത് അവസാനകാലത്താണ്. അന്ന് ഇബ്നുമറർയം ഇറങ്ങിവന്ന് അവനെ കൊലപ്പെടുത്തികൊള്ളും. അന്നു ജീവിച്ചിരിക്കുന്നവർ അതേപ്പറ്റി മനസ്സിലാക്കികൊള്ളും. നമ്മൾ ഇതൊക്കെ സത്യമാണെന്ന് കരുതിയാൽ മാത്രം മതി എന്ന പണ്ഡിത നിഗമനം തന്നെ ഞാനും സ്വീകരിച്ചു കഴിയുമ്പോഴാണ് ഒരു അഹ്മദിയ്യാ മിഷനറിയുമായി പരിചയപ്പെട്ടത്. അദ്ദേഹം ഇബ്നുമർയം എന്നത് ഇസ്രയേൽ മക്കൾക്കവതരിച്ച ഈസബ്നുമർയം എന്ന നബി അല്ലെന്നും, മുഹമ്മദ് നബി(സ)യുടെ സമുദായത്തിൽ പിറക്കുന്ന ഒരു മഹാപുരുഷനാണെന്നും പറഞ്ഞപ്പോൾ എനിക്ക് അദ്ഭുതവും ജിജ്ഞാസയുമായി.

ഇസ്രയേൽ മക്കൾക്കവതരിച്ച ഈസാനബി(അ) മുഹമ്മദ് നബി (സ)ക്ക് മുൻപ് മരിച്ചുപോയതായി ഖുർആൻ വ്യക്തമാക്കുന്നതും, ക്രിസ്ത്യൻ സമുദായത്തിൽ ബഹുദൈവവിശ്വാസം പ്രചരിച്ചത് ഈസാനബിയുടെ മരണശേഷമാണെന്നും, പുനരുത്ഥാന നാൾ വരെ ഈസാനബി തന്റെ ജനതയുടെ വഴിതെറ്റൽ അറിയില്ലെന്നും ഖുർആൻ ശരീഫ് വ്യക്തമായി പ്രഖ്യാപിക്കുന്നത് എന്നെ അദ്ദേഹം ബോധ്യപ്പെടുത്തിയതോടെ അവഗണിക്കപ്പെട്ടിരുന്ന ഇബ്നു

മർയമിന്റെ അവതാരത്തെക്കുറിച്ചും, ദജ്ജാൽ വധത്തെക്കുറിച്ചുമുള്ള പ്രവചനങ്ങൾ വീണ്ടും പഠിക്കണമെന്നുതോന്നി.

ഇബ്നുമർയം പ്രതീകാത്മകമാണ്. പഴയ ഈസാനബിക്ക് തുല്യനായ ഒരു മഹാത്മാവിന്റെ നിയോഗത്തെയാണ് ഇബ്നുമർയം എന്ന പേരിൽ നബി തിരുമേനി(സ) പ്രവചിച്ചത്. അദ്ദേഹത്തിനു തന്നെയുള്ള മറ്റൊരു പേരാണ് ഇമാം മഹ്ദിയെന്നും അഹ്മദി പണ്ഡിതന്മാരിൽ നിന്നും ഞാൻ ഗ്രഹിച്ചപ്പോൾ ഖുർആനും ഹദീഥും വെച്ച് വളരെയധികം ചിന്തിച്ചു. പഴയ ഈസാനബി(അ) ജീവിച്ചിരിക്കുന്നുവെന്ന ഭൂരിപക്ഷവിശ്വാസം ഖുർആന്റെ പാഠങ്ങൾക്ക് കടകവിരുദ്ധമാണെന്ന് എനിക്ക് ബോധ്യമായി. ദജ്ജാലിനെ വധിക്കുന്നതിനു അവസാന കാലം വരുമെന്നു നബിതിരുമേനി പറഞ്ഞ ഇബ്നുമർയമിനെ ആകാശത്തേക്ക് നോക്കിയിരുന്നത് വിഡ്ഢിത്തമാണെന്നു ഞാൻ ഉറപ്പിച്ചു.

ഇബ്നുമർയം എന്നപദം പ്രതീകാത്മകമായതു പോലെ തന്നെ ദജ്ജാൽ എന്ന പദവും പ്രതീകാത്മകമാണ്. അതൊരു സത്വമല്ല, വ്യക്തിയല്ല. ആത്മീയതക്കെതിരെ ലോകവ്യാപകമായി പ്രചരിക്കുന്ന ഒരു ഭൗതികതത്വശാസ്ത്രമാണ്. അത് പുറപ്പെട്ടു കഴിഞ്ഞിട്ട് നൂറ്റാണ്ടുകളായി. അതിന്റെ ആക്രമണമേറ്റ് ഇസ്ലാം മതം പിടയുന്ന കാലഘട്ടത്തിലാണ് ഇബ്നുമറിയം അവതരിച്ചത്. അദ്ദേഹം ദജ്ജാലിനെ അനായാസം വധിച്ചു .ദജ്ജാലിനെക്കുറിച്ച് എന്റെ സങ്കൽപത്തിലുണ്ടായിരുന്ന എല്ലാ രൂപങ്ങളും കൃത്യമായി പ്രതിഫലിപ്പിക്കുന്ന വിവരണം അഹ്മദിയ്യാ ജമാഅത്തിന്റ സ്ഥാപകരായ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ) നല്കിയിരിക്കുന്നത് കണ്ട് ഞാൻ വിസ്മയിച്ചു.

ഹദ്റത്ത് അഹ്മദ്(അ) തന്നെയാണ് ഇബ്നുമർയമെന്നും, അദ്ദേഹത്തിനു നബിതിരുമേനി നൽകിയ മറ്റൊരു നാമമാണ് ഇമാം മഹ്ദി എന്നതെന്നും, എനിക്കുറപ്പായി. നാശകാരിയായ ദജ്ജാലിനെ പ്രതിരോധിക്കുവാനുള്ള ശക്തി ആ ജമാഅത്തിൽ നിന്ന് എനിക്കും ലഭിച്ചു. ആ ജമാഅത്തിൽ പ്രവർത്തിക്കുന്ന ഓരോരുത്തർക്കും ദജ്ജാലിനെ തിരിച്ചറിയാനും, ഒരു കീടത്തെ എന്ന പോലെ അവനെ കൊല്ലാനും കഴിയുമെന്ന് എനിക്ക് ബോധ്യമായി. മസീഹിന്റെ ശ്വസനമേറ്റാൽ മരിച്ചു വീഴുന്ന ദജ്ജാൽ, വെള്ളത്തിൽ വീണ ഉപ്പ് കണക്കേ അലിയുന്ന ദജ്ജാൽ, അവൻ പുറപ്പെട്ട് ലോകം

കീഴടക്കി കഴിഞ്ഞതായി ഹദ്റത്ത് അഹ്മദ് (അ) മുസ്ലിംകളെ ഉണർത്തിയത് ഞാൻ ആവർത്തിച്ചാവർത്തിച്ച് വായിച്ചു. ആ മഹാത്മാവ് പറയുന്നു.

അവിവേകികളെ , ദജ്ജാൽ ഒരൽഭുത സൃഷ്ടിയാണെന്ന് കരുതി നിങ്ങൾ കാത്തിരിക്കുകയാണ്. എന്നാൽ നിങ്ങളുടെ സാങ്കല്പിക ദജ്ജാലിന്റെ ബാപ്പായ്ക്കു പോലും ആലോചിക്കാൻ കഴിയാത്ത ഭയങ്കര വഞ്ചനയും കുഴപ്പവുമാണ് നിങ്ങളുടെ കണ്ണിൻ മുമ്പിൽ പ്രത്യക്ഷപ്പെട്ടു കൊണ്ടിരിക്കുന്നത്.

## ദജ്ജാൽ എന്ന പദം

ദജ്ജാൽ എന്താണെന്നു മനസ്സിലാക്കാൻ ശ്രമിക്കുന്നയാൾ ആദ്യം ആ അറബി പദത്തെക്കുറിച്ച് പഠിച്ചിരിക്കണമെന്ന് അഹ്മദിയ്യാ പണ്ഡിതൻമാർ പറഞ്ഞപ്പോഴാണ് ആ വഴിക്ക് ചിന്തിക്കാതിരുന്നതിന്റെ മഠയത്തരം ബോധ്യമായത്. ഈ പദത്തിന്റെ ഉൽപത്തിയും അത് ധ്വനിപ്പിക്കുന്ന അർഥങ്ങളും പഠിക്കാതെ ദജ്ജാലിനെ മനസ്സിലാകുകയില്ല . 'ദജല്' എന്നതാണ് ദജ്ജാലിന്റെ ധാതു. കളവ് പറയൽ, പ്രഛന്നമാക്കൽ, ചായം തേക്കൽ, സഞ്ചരിക്കൽ, ധനം കുന്നുകൂട്ടൽ, സംഘം, വാണിജ്യവിഭവം എന്നൊക്കെ ഇതിനു അർഥമുണ്ട്.

ദജല എന്ന ക്രിയയുടെ കർത്തൃവാചിയായ 'ദാജിൽ' എന്നതിൽ നിന്നാണ് ദജ്ജാൽ എന്ന പദത്തിന്റെ ഉൽഭവം. 'ദാജിൽ' കള്ളം പറയുന്നവൻ എന്നാകുമ്പോൾ ദജ്ജാൽ എന്ന രൂപാന്തരത്തിൽ ധാരാളം കളവ് പറയുന്നവൻ എന്ന അർത്ഥം സിദ്ധിക്കുന്നു. ഈ വിധത്തിൽ മേൽപറഞ്ഞ ആറ് അർഥങ്ങളും പ്രയോഗിക്കുമ്പോൾ വളരെയധികം നുണ പറയുന്നവൻ, അതിപ്രഛന്നമാക്കുന്നവൻ, ചായം തേക്കുന്നവൻ, ധാരാളം സഞ്ചരിക്കുന്നവൻ, മഹാകുബേരൻ, വലിയ സംഘമായിട്ടുള്ളത്, വാണിജ്യവിഭവങ്ങൾ എന്നൊക്കെ അർഥം സിധിക്കുന്നു.

ദജ്ജാൽ എന്ന പദം ധ്വനിപ്പിക്കുന്ന അർഥങ്ങൾ കണക്കിലെടുത്ത് അഹ്മദിയ്യാ സ്ഥാപകർ നബിവചനങ്ങളെ വിശദീകരിച്ചു. നബിവചനങ്ങളിൽ കാണുന്ന ദജ്ജാൽ കച്ചവട ചരക്കുകളും പേറി ലോകം മുഴുവനും സഞ്ചരിക്കുന്ന ഒരു ജനസമൂഹമാണ്. മതകാര്യത്തിൽ കളവു പറയലും ഒരു വസ്തുവിനെ പ്രഛന്നമാക്കി അവതരി

പ്പിക്കലും ഇവരിൽ ദൃശ്യമായിരിക്കും. ലോകത്തെല്ലായിടത്തും ഈ സമൂഹം എത്തുമെന്നാണ് ദജ്ജാലിന്റെ പുറപ്പാട് കൊണ്ട് അർഥമാക്കുന്നത്. ദജ്ജാൽ എന്ന പദം ഉൾകൊള്ളുന്ന എല്ലാ അർഥങ്ങളും പ്രതിഫലിക്കുന്ന ഈ സമൂഹത്തിന്റെ നാശകരമായ പ്രവർത്തനം വ്യാപകമായി നടന്നുകഴിഞ്ഞു.

തൗഹീദിനെ അതിജയിച്ച് അതു മുന്നേറിക്കഴിഞ്ഞു. ഇടതു കണ്ണു മാത്രമുള്ള ആ ദജ്ജാൽ പുറപ്പെട്ടു ലോകം അധീനമാക്കിയിരിക്കുന്നു. സങ്കൽപത്തിലെ ദജ്ജാൽ ചെയ്തേക്കാവുന്ന ദ്രോഹങ്ങളെക്കാളെല്ലാം ഭീകരമായ നാശനഷ്ടങ്ങൾ ഈ സമൂഹവും അതിന്റെ തത്വശാസ്ത്രവും ആത്മീയലോകത്ത് സൃഷ്ടിച്ചു കഴിഞ്ഞിരിക്കുന്നു. ഇതാണ് ദജ്ജാലിനെതിരെ പോരാട്ടത്തിനിറങ്ങിയ അഹ്മദിയ്യാ ജമാഅത്ത് വ്യാഖ്യാനിച്ചത്.

## ദജ്ജാലിനെതിരെയുള്ള മന്ത്രങ്ങൾ

ദജ്ജാലിന്റെ കുഴപ്പത്തിൽ നിന്നും രക്ഷപ്രാപിക്കുന്നതിനായി സൂറാ: കഹ്ഫിലെ പ്രാരംഭ വചനങ്ങൾ ഉരുവിടാൻ നബി(സ) ഉപദേശിച്ചതായി ഹദീഥിൽ കാണുന്നു. ഇതേപറ്റി ഗാഢമായി ചിന്തിക്കുമ്പോൾ ദജ്ജാൽ ആരാണെന്ന് വ്യക്തമായി മനസ്സിലാകുന്നതാണ്. സൂറാ: കഹ്ഫിന്റെ പ്രാരംഭ വചനങ്ങൾ ഇപ്രകാരം ഭാഷാന്തരം ചെയ്യാവുന്നതാണ്:

“ തന്റെ ദാസനും ഗ്രന്ഥം നൽകിയ സാക്ഷാൽ ദൈവത്തിനത്രെ സർവ്വ സ്തുതിയത്രയും.... അല്ലാഹു ഒരു പുത്രനെ സ്വീകരിച്ചു വെന്ന് പറയുന്ന ജനങ്ങളെ ഭയപ്പെടുത്താനും ഉണർത്താനുമുള്ള ഗ്രന്ഥമാണിത്. അല്ലാഹു പുത്രനെ സ്വീകരിച്ചു എന്ന വാദത്തെക്കുറിച്ച് ആ ജനതക്കോ, അവരുടെ പൂർവപിതാക്കൾക്കോ, ഒരു അറിവുമില്ല. അവരുടെ വായകളിൽ നിന്നും പുറപ്പെടുന്ന അതിഭയങ്കര സംഗതിയത്രെ അത്. അവർ പറയുന്നത് ശുദ്ധമായ കളവാണ്.”

## സൂറാ:കഹ്ഫ്

അല്ലാഹു ഒരു പുത്രനെ സ്വീകരിച്ചുവെന്ന് പ്രചരിപ്പിക്കുന്നവരെയാണ് ഈ വചനങ്ങളിലൂടെ താക്കീത് ചെയ്യുന്നത്. ദൈവത്തിനു

പുത്രനുണ്ടെന്ന് സങ്കൽപിക്കുന്നവർ ഭയങ്കര തെറ്റാണ് ദൈവത്തിന്റെ പേരിൽ പ്രചരിപ്പിക്കുന്നതെന്നും, തനിച്ച നുണപ്രചരണമാണതെന്നും ഇതിൽ വ്യക്തമാകുന്നു.

ദജ്ജാൽ എന്ന പദത്തിനു ഭയങ്കരമായി നുണ പ്രചരിപ്പിക്കുന്നവനെന്ന് അർത്ഥമുള്ളത് ശ്രദ്ധിക്കുമ്പോൾ നബി(സ) പ്രവചിച്ച ദജ്ജാലിനെക്കുറിച്ചു ഏകദേശ ബോധം നമുക്ക് ലഭിക്കുന്നു. ദജ്ജാൽ പ്രചരിപ്പിക്കുന്ന നുണയെ പ്രതിരോധിക്കുവാൻ ഖുർആൻ വചനങ്ങളെ ഉപയോഗിക്കുന്നതാണ് ദജ്ജാൽ വധം എന്നും ഇതിൽ നിന്നും മനസ്സിലാകുന്നുണ്ട്.

ദൈവത്തിനു പുത്രസങ്കൽപം നടത്തിയ സംഭവത്തെ കുറിച്ചു ചിന്തിക്കുമ്പോൾ അവർ ലോകജനതയിൽ മഹാഭൂരിപക്ഷവും എല്ലാ പ്രദേശങ്ങളിലും വ്യാപിച്ചവരും വിശുദ്ധ ഖുർആൻ വിഭാവനം ചെയ്ത ആത്മീയ സംസ്കാരത്തെ വിപാടനം ചെയ്യാൻ പരിശ്രമിച്ചവരുമാണെന്ന് മനസ്സിലാക്കാൻ പ്രയാസമില്ലാ. വിശുദ്ധ ഖുർആന്റെ അധ്യാപനം അനുസരിച്ച് ഒരു മനുഷ്യനു പറയാവുന്ന വ്യാജവാക്കുകളിൽ ഏറ്റവും കാഠിന്യം ഏറിയത് സാക്ഷാൽ ദൈവത്തിനു സന്താനം ഉണ്ടെന്ന് പറയലാണ്. ഇതിനെക്കാൾ വലിയ ഒരു കള്ളം പറയുന്നവനാകാൻ മറ്റെന്ത് പറഞ്ഞാലും ആകുകയില്ല. ദജ്ജാലിന്റെ ഒന്നാമത്തെ അർഥം തന്നെ മഹാകള്ളം പറയുന്നവൻ എന്നാണല്ലോ.

## വലത് കണ്ണിനു കാഴ്ചയില്ല

പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ മൂന്നു ചേർന്ന് ഒന്നായതാണ് ദൈവം എന്നത്രെ ദൈവത്തിനു പുത്രസങ്കൽപം നടത്തിയവരുടെ പ്രധാന പ്രചാരണം. ആത്മീയമായി ദർശന ശേഷിയുള്ളവർക്കാർക്കും ഇത് ഉൾക്കൊള്ളാനാകുകയില്ല. ആത്മീയദൃഷ്ടിക്ക് അന്ധത ബാധിച്ചവർക്ക് മാത്രമേ ഈ വിശ്വാസം അവലംബിക്കാൻ സാധിക്കുകയുള്ളൂ.

ത്രിയേകത്വവിശ്വാസം പ്രധാനമായും യേശു ദൈവമാണെന്ന സങ്കൽപ്പത്തെ ചുറ്റിപറ്റിയുള്ളതാണ്. മർയമിന്റെ പുത്രനായ യേശു ഒരു സാധാരണ മനുഷ്യനെപ്പോലെയായിരുന്നെന്നും മറ്റ് മനുഷ്യരിൽ നിന്നും വ്യത്യസ്തമായ ഒരു രൂപവ്യത്യാസവും അദ്ദേഹ

ത്തിനില്ലായെന്നും താൻ മനുഷ്യപുത്രനാണെന്ന് ആവർത്തിച്ചാവർത്തിച്ച് പറഞ്ഞിട്ടുണ്ടെന്നും അറിയാവുന്ന ക്രിസ്ത്യൻ പുരോഹിതന്മാർ യാതൊരു ശങ്കയുമില്ലാതെ അദ്ദേഹം ദൈവത്തിന്റെ പുത്രൻ തന്നെയാണെന്ന് പ്രചരിപ്പിക്കുന്നു. ദൈവത്തെക്കുറിച്ച് തന്റെ മനസ്സിൽ പോലും അങ്കുരിക്കുന്ന പ്രാകൃത ഗുണവിശേഷങ്ങൾ തങ്ങൾ ദൈവമായിട്ടവതരിപ്പിക്കുന്ന മനുഷ്യനില്ലെന്ന് ആ പുരോഹിതന്മാർ മനസ്സിലാക്കുന്നില്ല. അഥവാ ആ യാഥാർഥ്യം കാണാനുള്ള വലത് കണ്ണ് അവർക്ക് നഷ്ടപ്പെട്ടിരിക്കുന്നു.

സാക്ഷാൽ ദൈവത്തെ കണ്ടെത്താനും, ജീവിതത്തിന്റെ പരമമായ ലക്ഷ്യം ഗ്രഹിക്കാനും തെളിഞ്ഞുകിട്ടേണ്ട ആത്മീയ നയനമാണ് മതഭാഷയിൽ വലത് കണ്ണ്.

വലത്ഭാഗം, വലത്കൈ, വലത്ചെവി, വലത്കാൽ എന്നൊക്കെ മതഭാഷയിൽ സത്യത്തിന്റെ പ്രതീകമായിട്ടാണ് സാധാരണ ഉപയോഗിച്ച് വരുന്നത്. ദജ്ജാലിന് വലത് കണ്ണ് ഉണ്ടായിരിക്കില്ല എന്ന് നബിതിരുമേനി പറഞ്ഞതും ഈ അർഥത്തിലാണ്. സാക്ഷാൽ ദൈവമെന്ന പരമമായ സത്യം ഗ്രഹിക്കുന്നതിൽ ഒരു നിരീക്ഷണ പരീക്ഷണത്തിനും ഒരുമ്പെടാതെ തനികുരുടനായി മാറുന്ന ആത്മീയ ദർശനമാണ് ആധുനിക ക്രിസ്ത്യൻ മതതത്വശാസ്ത്രം ലോകത്തിനു കാഴ്ച വെച്ചത്. അധികം വിശദീകണം ഇല്ലാതെ ഇത് ആർക്കും ഗ്രഹിക്കാൻ കഴിയുന്നതുമാണ്.

# ഇടത് കണ്ണിനു തിളക്കം

ആത്മീയം , ഭൗതികം എന്നിങ്ങനെ രണ്ട് ദർശനങ്ങളാണ് മതവീക്ഷണത്തിലുള്ളത്. ഐഹികജീവിതം സുഖകരമാക്കുന്നതിനാവശ്യമായ വിഭവങ്ങൾക്ക് ഇടത്പക്ഷ ദർശനമെന്നും അത് വിശേഷിപ്പിക്കുന്നു. ദജ്ജാലിന്റെ വലത് കണ്ണ് കാഴ്ചയില്ലാത്തതാണെങ്കിലും ഇടത് കണ്ണ് നല്ല തിളക്കമുള്ളതാണെന്ന് ഹദീഥുകളിൽ നിന്നും മനസ്സിലാകുന്നു. ഐഹികജീവിത വിഭവങ്ങൾ സംസ്കരിക്കുന്നതിലും, അതിന്റെ സംരക്ഷണയിലും, അതിന്റെ അഭിവൃദ്ധിക്കായുള്ള പരിശ്രമങ്ങളിലും, ദജ്ജാൽ ജാഗ്രതയുള്ളവനായിരിക്കും. ഊഹാപോഹങ്ങളെയോ അനുമാനങ്ങളെയോ ആധാരമാക്കാതെ കാര്യകാരണബന്ധത്തിലധിഷ്ഠിതമായ നിരീക്ഷണപ്രകൃതമുള്ളവനായിരിക്കും.

ദൈവത്തിനു പുത്രസങ്കൽപം നടത്തി ലോകവ്യാപകമായി വിജയം വരിച്ച മധ്യകാല ക്രിസ്ത്യൻ സമൂഹത്തിൽ ഈ ഗുണം നമുക്കു കാണാൻ കഴിയും. ശാസ്ത്രസാങ്കേതിക രംഗങ്ങളിൽ അവർ കൈവരിച്ച പുരോഗതി മഹത്തായതാണ്. ഭൗതിക ശാസ്ത്രവും, സാമൂഹ്യശാസ്ത്രവും, പ്രകൃതിശാസ്ത്രവും വികസിപ്പിച്ചെടുക്കുന്നതിൽ അവർ മുഖ്യപങ്ക് വഹിച്ചു. ഏത് വസ്തുവിനെയും ഗവേഷണ വിധേയമാക്കി എന്ത്, എങ്ങനെ, എന്തിനു എന്നു കണ്ടെത്താൻ അവർ ഉപയോഗിച്ച ഊർജ്ജവും ബുദ്ധിശക്തിയും കുറച്ചൊന്നുമല്ല. ഇടത് കണ്ണിനുള്ള അവരുടെ ഈ കാഴ്ചശക്തി എത്ര വർണ്ണിച്ചാലും അധികമാകുകയില്ല.

ദൈവകാര്യത്തിലാകട്ടെ ഇതിന്റെ പതിനായിരത്തിൽ ഒരംശം സൂക്ഷ്മത അവർ പുലർത്തിയതുമില്ല. ദൈവം ഒന്നാണ്; ഒന്നു ചേർന്ന മൂന്നാണ്; മൂന്ന് എന്നു പറഞ്ഞാൽ 'ഏകം' എന്നാണ്, എന്നൊക്കെയുള്ള പൂർണ അന്ധത അവർ ജാള്യത ലേശമെന്യേ പ്രചരിപ്പിച്ചും വിശ്വസിപ്പിച്ചും പോന്നു.

## ലോകവ്യാപി

ദജ്ജാലിന്റെ ഒരു കാൽ പൂർവദിക്കിലും മറുകാൽ പശ്ചിമ ദിക്കിലുമായിരിക്കുമെന്നത് ഈ തത്വശാസ്ത്രത്തിനുണ്ടാകുന്ന ലോകവ്യാപകമായ പ്രചാരമാണെന്ന് ഗ്രഹിക്കാൻ പ്രയാസമില്ല. മധ്യകാലയൂറോപ്പിന്റെ നവോത്ഥാനവും, ഇസ്‌ലാമിക സംസ്കാരത്തിനുണ്ടായ അധഃപതനവും പഠിക്കുന്നവർക്ക് ദജ്ജാലിന്റെ സാർവലൗകികത്വം അജ്ഞാതമല്ല. ലോകത്തിന്റെ എല്ലാ കോണുകളിലേക്കും ദജ്ജാലിയൻ തത്വശാസ്ത്രം ഇരച്ച് കയറിയത് അഗോചരമല്ല.

പല സഭകളും, ഗ്രൂപ്പുകളുമായി പിരിഞ്ഞും പരസ്പരം കലഹിച്ചുമിരുന്നെങ്കിലും ദൈവം മൂന്നുചേർന്ന ഒന്നാണെന്ന പെരുങ്കള്ളം പ്രചരിപ്പിക്കുന്നതിൽ അവർ അഹമഹമികയാ മുന്നേറി. കത്തോലിക്കാ സഭ, പ്രൊട്ടസ്റ്റൻസഭ, ആംഗ്ലിക്കൻ ഥർലു, ചർച്ച് ഓഫ് ഗോഡ് തുടങ്ങി ഒട്ടധികം അവാന്തര വിഭാഗങ്ങളായി പിരിഞ്ഞ ക്രൈസ്തവ സഭകളുടെ മിഷനറിമാർ ലോകത്തിന്റെ എല്ലാ കോണുകളിലും പ്രവർത്തനത്തിലേർപ്പെട്ടതും തങ്ങളുടെ ആസന്ന

മായ ആത്മീയ ദർശനം സർവത്ര പ്രചരിപ്പിക്കാൻ അഖിലമാർഗ ങ്ങളും അവലംബിച്ചതും കഴിഞ്ഞകാല ചരിത്രസത്യങ്ങളാണ്.

ലോകത്തിന്റെ അറ്റങ്ങളോളം അവർ ഈ തത്വശാസ്ത്രം പ്രച രിപ്പിച്ചു. ഏകദൈവ വിശ്വസത്തിൽ ഊട്ടിയുറപ്പിച്ച ആത്മീയ ചൈതന്യമായ ഇസ്‌ലാമിനെ അത് അർബുദം കണക്കെ പിടികൂടി. പല മുസ്‌ലിം രാഷ്ട്രങ്ങളും ഈ തത്വശാസ്ത്രത്തിന്റെ പ്രചാര കരുടെ വരുതിയിലായി. മിക്കവാറും രാജ്യങ്ങളുടെ അധികാരം ഈ സിദ്ധാന്തക്കാരായ ഭരണതലവന്മാർ കൈപ്പിടിയിലൊതുക്കി. പതിനാറാം നൂറ്റാണ്ടു മുതൽ ഇത് സർവവ്യാപിയായി മാറി. പ ത്തൊമ്പതാം നൂറ്റാണ്ടിലെത്തിയപ്പോൾ പൂർവദിക്കിൽ ഒരു കാലും, പശ്ചിമദിക്കിൽ മറുകാലും ഉറപ്പിച്ചു നിൽക്കുന്ന ഭീകരനായ ദജ്ജാ ലായി അത് പരിണമിച്ചു കഴിഞ്ഞിരിക്കുന്നു.

മുസ്‌ലിംകളിൽ ബഹുഭൂരിപക്ഷം ദജ്ജാലിയൻ ആശയത്തെ ഉൾ ക്കൊള്ളുമെന്ന് നബി(സ)യുടെ ഹദീസുകളിൽ നിന്ന് കാണാം. ഹിജ്റ മൂന്ന് നൂറ്റാണ്ടുകൾ പിന്നിട്ട ശേഷം ഇത് സംഭവിച്ചു തുട ങ്ങിയതായി ഇസ്‌ലാമിന്റെ മൗലിക വിശ്വാസങ്ങളിലുണ്ടായ കല ർപ്പ് ബോധ്യപ്പെടുത്തുന്നു. അറിഞ്ഞോ അറിയാതെയോ മുസ്‌ലിം പണ്ഡിതന്മാർ ക്രൈസ്തവ വിശ്വാസങ്ങളെ ഇസ്‌ലാമീകരിക്കാൻ തുടങ്ങി. പതിനാറാം നൂറ്റാണ്ടായപ്പോഴേക്കും അത് വേരുറച്ച് ശക്തി പ്പെടുകയും ചെയ്തു. ക്രിസ്ത്യാനിക്ക് യേശു കുരിശിലേറി മൂന്ന് ദിവസം മരിച്ചു കിടന്ന ശേഷം ജീവൻ തിരിച്ചു കിട്ടി സ്ഥൂലദേഹ ത്തോടു കൂടി ആകാശത്തിലേക്ക് ഉയർന്നുപോയി ദൈവത്തിന്റെ വലതുഭാഗത്ത് ഇരിപ്പുറപ്പിച്ചുവെന്ന വിശ്വാസമാണെങ്കിൽ അവ രിൽ നിന്നും കടമെടുത്ത മുസ്‌ലിംകൾക്ക് കുരിശിൽ കയറാതെ തന്നെ യേശുവിനെ അല്ലാഹു മുകളിലേക്ക് എടുത്ത് നാലാം ആകാ ശത്ത് താമസിപ്പിച്ചുവെന്ന വിശ്വാസമാണു ഉറച്ചുകിട്ടിയത്.

മരിച്ചു മൂന്നാം ദിവസം ലാസറിന്റെ ശവത്തെ യേശു ജീവിപ്പിച്ച് പഴയ അവസ്ഥയിലാക്കിയെന്ന് സുവിശേഷക്കാരൻ പ്രസംഗിച്ചു നടന്നപ്പോൾ മരിച്ചു മാസങ്ങൾ കഴിഞ്ഞു ദ്രവിച്ചു പോയവരെ പ്പോലും ഈസാനബി ജീവൻ നൽകികൊണ്ടിരുന്നതായി മുസ്‌ലിം പണ്ഡിതന്മാർ പ്രസംഗിച്ചു. കുരുടുന്മാർക്ക് കാഴ്ച നൽകുന്ന യേശുവിനെ ക്രിസ്ത്യൻ പാതിരി വർണിക്കുമ്പോൾ ഒറ്റ ദിവസം തന്നെ എഴുപതിനായിരം അന്ധമാരെ കാഴ്ചയുള്ളവരാക്കുന്ന

ഈസാനബിയെ മൗലാനാമാർ പുകഴ്ത്തികൊണ്ടിരുന്നു. ആത്മീയ ദൃഷ്ടി പൊട്ടിയ ഈ സിദ്ധാന്തത്തെ പഞ്ചപുച്ഛമടക്കി പിന്തുടരുന്ന എഴുപതിനായിരങ്ങൾ അങ്ങനെ ഇസ്ലാമിൽ പ്രത്യക്ഷപ്പെട്ടു.

# ദജ്ജാലിന്റെ കയ്യിൽ സ്വർഗവും നരകവും

ദജ്ജാലിയൻ ആശയക്കാർക്ക് ലൗകികമായുണ്ടാകുന്ന പുരോഗതി മൂലം തങ്ങളെ അംഗീകരിക്കുന്നവർക്ക് സ്വർഗീയ സുഖവും എതിർക്കുന്നവർക്ക് നരകശിക്ഷയും നൽകാൻ സാധിക്കും. തങ്ങളുടെ മതം അംഗീകരിക്കുന്നവർക്ക് ബാഹ്യമായി ഒരു സ്വർഗം തന്നെ അവർ നൽകിക്കൊണ്ടിരുന്നു. അവരുടെ ദുർബോധനത്തെ എതിർക്കുകയും അതിൽ നിന്നു ഒഴിഞ്ഞു നിൽക്കാൻ ശ്രമിക്കുകയും ചെയ്യുന്നവർക്ക് ബാഹ്യമായി നരകയാതന അനുഭവിക്കേണ്ടതായും വന്നു.

ഭക്ഷ്യോൽപാദനത്തിലും മറ്റും അവർക്കുണ്ടാകുന്ന പുരോഗതിയും മറ്റ് രാഷ്ട്രങ്ങളെ സഹായിക്കലും മറ്റും വ്യക്തമാക്കുന്ന സൂചനയാണ് ദജ്ജാലിനോടൊപ്പം അപ്പത്തിന്റെ മലയുണ്ടായിരിക്കും എന്നും വെള്ളത്താലുള്ള നദി അവനെ അനുധാവനം ചെയ്യും എന്നും പറഞ്ഞത്.

മരിപ്പിക്കുക, വീണ്ടും ജീവിപ്പിക്കുക, മഴ പെയ്യിക്കുക, ഭൂമിയിൽ നിന്നും നിക്ഷേപങ്ങൾ പുറത്തെടുക്കുക, അവ ദജ്ജാലിനെ പിന്തുടരുക തുടങ്ങിയ വിശേഷണങ്ങൾ ക്രൈസ്തവ പാശ്ചാത്യശക്തികൾ വൈദ്യശാസ്ത്രത്തിലും പ്രകൃതിശാസ്ത്രത്തിലും ഭൂഗർഭശാസ്ത്രത്തിലും കൈവരിച്ച നേട്ടങ്ങൾ മനസ്സിലാക്കിട്ടുള്ളവർക്ക് ഗ്രഹിക്കാൻ പ്രയാസമില്ല.

ഹൃദയം മാറ്റിവെക്കലിലേക്ക് വരെ അവരുടെ ശാസ്ത്രീയ പുരോഗതി വ്യാപിച്ചതും, കൃത്രിമ മഴ പെയ്യിക്കുന്നതും, എണ്ണ ഖനന വിജ്ഞാനം വികസിപ്പിച്ച് തങ്ങളെ അനുധാവനം ചെയ്യും വിധം സ്വന്തം രാഷ്ട്രത്തിലേക്ക് പമ്പ് ചെയ്തുകൊണ്ടു പോകാൻ തുടങ്ങിയതുമെല്ലാം ദജ്ജാലിന്റെ വർണന എത്ര കൃത്യമായി ആയിരത്തിനാനൂറു വർഷങ്ങൾക്ക് മുൻപ് പ്രവാചക ശ്രേഷ്ഠൻ(സ) നടത്തിയിരിക്കുന്നു എന്ന് ബോധ്യപ്പെടുത്തുന്നു. ദജ്ജാൽ സഞ്ചരിക്കുന്ന കഴുതയുടെ രണ്ട് ചെവികൾക്കിടയിൽ എഴുപത് വാര

അകലം, ഗതാഗതം എളുപ്പമാക്കി തീർക്കുന്നതിൽ ഇവർ മുഖേന ഉണ്ടാകുന്ന നേട്ടങ്ങളെയാണ് ഓർമിപ്പിക്കുന്നത്.

## ദജ്ജാൽ ബൈബിളിൽ

അന്തിക്രിസ്തുവെന്നും, എതിർ ക്രിസ്തുവെന്നും ബൈബിളിൽ വിശേഷിപ്പിക്കുന്ന ശക്തിയാണ് മുസ്ലിംകൾ പറയുന്ന ദജ്ജാൽ. ക്രിസ്തുവിന്റെ പേരിൽ ക്രിസ്ത്യൻ വിരുദ്ധവിശ്വാസം പ്രചരിപ്പിക്കുന്ന സമൂഹമാണ് അന്തിക്രിസ്തു. ഏ. ഡി. 800 ആണ്ടിനുശേഷം ക്രിസ്തുമതത്തിൽ കടന്നുകൂടിയ എതിർ ക്രിസ്തുവാദമാണ് ദൈവം മൂന്നാണെന്നതും, യേശുവിന്റെ കുരിശ് മരണം മൂലം തങ്ങൾ പാപമോചിതരായി എന്നതും. പതിനാറാം നൂറ്റാണ്ടുമുതൽ എതിർ ക്രിസ്തുവാദത്തിനുണ്ടായ പ്രാബല്യം അന്തിക്രിസ്തുവെന്ന ആത്മീയ ലോകത്തെ രാക്ഷസന്റെ പുറപ്പാടിനു വഴി തെളിയിച്ചു. അന്തിക്രിസ്തുവിനെ പറ്റിയുള്ള സൂചനകൾ ബൈബിൾ പുതിയ നിയമത്തിൽ യോഹന്നാന്റെ സുവിശേഷം 5ാം അദ്ധ്യായം 43ാം വചനത്തിലും യോഹന്നാന്റെ ഒന്നാം ലേഖനം രണ്ടാം അദ്ധ്യായത്തിൽ 2,4,18,22, വചനങ്ങളിലും ഒന്നാം ലേഖനം ഏഴാം വാക്യത്തിലും കാണാം. മുസ്ലിംകൾ ദജ്ജാലിനെ ഒരു സത്വമായി കരുതി കാത്തിരിക്കുന്നപോലെ ക്രിസ്ത്യാനികൾ അന്തിക്രിസ്തുവിനേയും ഒരു വ്യക്തിയായി സങ്കൽപിച്ചിരിക്കുകയാണ്. തങ്ങളുടെ ആശയങ്ങളെ എതിർക്കുന്നവരോട് ന്യായം പറയാനില്ലാതെ വരുമ്പോഴെല്ലാം അവരെ അന്തിക്രിസ്തുവെന്ന് വിളിച്ച് ആക്ഷേപിക്കൽ ക്രിസ്ത്യൻ പുരോഹിതന്മാർ പണ്ടൊക്കെ ഒരു ശീലമാക്കി പോന്നു.

## ദജ്ജാലിനെ കൊന്നു

നബി(സ) യുടെ വചനങ്ങളിൽ നിന്ന് ഒരു വ്യക്തിയായി ധ്വനിക്കുന്ന ദജ്ജാൽ സമൂഹമായി തീരുന്നതെങ്ങിനെ? ദജ്ജാലിനെ കഅ്ബം ത്വവാഫ് ചെയ്യുന്നതായി നബിതിരുമേനി (സ) ദർശനത്തിൽ കണ്ടതായും ഹദീഥുകളിലുണ്ടല്ലോ. ഒരു സമൂഹമാണെങ്കിൽ ഇങ്ങനെ പറയണമായിരുന്നോ എന്ന സംശയം സ്വാഭാവികമാണ്. എന്നാൽ ഭാവിയിൽ സംഭവിക്കാൻ പോകുന്ന ഒരു കാര്യം പ്രവചിക്കുമ്പോൾ, പ്രവചനത്തിന്റെ ബാഹ്യാർത്ഥത്തിൽ പുലരാ

റില്ല. അങ്ങിനെ സംഭവിക്കുകയാണെങ്കിൽ പിന്നെ മനുഷ്യന്റെ അന്വേഷണത്തിനും യുക്തിവിചാരത്തിനും സ്ഥാനമില്ലാതെ വരും.

ഹദീഥുകളിൽ പറഞ്ഞ ലക്ഷണങ്ങൾ ബാഹ്യമായുള്ള ഒരു സത്വം ഭൂമിയിലിറങ്ങിനടക്കാൻ തുടങ്ങിയാൽ മുസ്ലിംകൾക്കാ ർക്കും അത് ദജ്ജാലാണെന്ന കാര്യത്തിൽ സംശയം തോന്നുക യില്ല. ഇങ്ങനെ നൂറു ശതമാനവും ഉറപ്പിക്കാവുന്ന വിധം ബാഹ്യാർത്ഥ ത്തിൽ പ്രവാചകന്മാരുടെ അവതാരത്തെകുറിച്ചുള്ള പ്രവചനങ്ങ ളും പുലർന്നിട്ടില്ല. മുഹമ്മദ് നബി(സ)യുടെ അവതാരത്തെ കുറിച്ച് പൂർവവേദങ്ങളിൽ അദ്ദേഹത്തിന്റെ വംശവും ഗോത്രവും മാതാപി താക്കളുടെ പേരും, വർണവും , ഉയരവും, ശരീരഘടനയും വ്യക്ത മായി പറഞ്ഞിരുന്നുവെങ്കിൽ ക്രിസ്ത്യാനികളിൽ നിന്നോ യഹൂദ രിൽ നിന്നോ ആരും തന്നെ ആ മഹാത്മാവിന്റെ സത്യതയേ സംശയിക്കുമായിരുന്നില്ല. എന്നാൽ ബുദ്ധിയും യുക്തി വിചാരവും കൊണ്ട് ബോധ്യപ്പെടാവുന്ന വിധം ആന്തരാർഥത്തോടെ മുഹമ്മദ് നബി(സ)യുടെ അവതാരം പൂർവഗ്രന്ഥങ്ങളെല്ലാം ഉൾകൊള്ളു ന്നുമുണ്ട്. ഇതേ മാനദണ്ഡത്തിൽ തന്നെ മുഹമ്മദ്(സ) തന്റെ കാലശേഷം ഉണ്ടാകാൻ പോകുന്ന വിപത്തിനെ വിവരിച്ചതും, അത് നിർമ്മാർജ്ജനം ചെയ്യുന്ന മഹാനെ കുറിച്ച് പ്രവചിച്ചതുമെന്ന് കരുതുകയാണ് യുക്തം.

ദർശനത്തിൽ വ്യക്തിസമൂഹത്തെ പ്രതിനിധാനം ചെയ്യുക സാധാ രണയാണ്. യൂസുഫ് നബി (അ)യുടെ കാലത്ത് ഈജിപ്തിലെ ഭരണകർത്താവ് ഏഴ് കൊഴുത്ത പശുക്കളെയും, ഏഴ് മെലിഞ്ഞ പശുക്കളെയും സ്വപ്നം കണ്ടതും അതിനു യൂസുഫ് നബി (അ) വ്യാഖ്യാനം നൽകിയതും വിശുദ്ധ ഖുർആൻ പറയുന്നുണ്ട്. ഏഴ് പശുക്കൾ ഈജിപ്തിലെയും പരിസരപ്രദേശങ്ങളിലെയും മുഴുവൻ മനുഷ്യരെയും മറ്റു ജീവജാലങ്ങളെയും പ്രതിനിധാനം ചെയ്യുന്ന തായി യൂസുഫ് നബി വ്യാഖ്യാനിച്ചു. കൊഴുത്ത പശുക്കൾ സമ്പ ന്നതയേയും മെലിഞ്ഞ പശുക്കൾ ക്ഷാമത്തെയും പശുക്കളുടെ എണ്ണം വർഷങ്ങളെയും പ്രതിനിധാനം ചെയ്യുന്നുവെന്നായിരുന്നു ആ സ്വപ്നത്തിനു നൽകിയ വ്യാഖ്യാനം.

അവസാനകാലം പുറപ്പെടുമെന്ന് നബി (സ) അറിയിച്ച ദജ്ജാൽ സമൂഹത്തെയല്ലാതെ വ്യക്തിയെ പ്രതിനിധാനം ചെയ്യുന്നതിനു ഒരു വിധത്തിലും സാധ്യതയില്ല. കാരണം ദജ്ജാൽ മേഘത്തെ

പോലെ ത്വരിതഗമനം ചെയ്യുമെന്ന് ഹദീഥിൽ കാണുന്നു. അവന്റെ ശബ്ദം ഭൂമിയുടെ ഒരറ്റത്ത് നിന്നു മറ്റേ അറ്റം വരെ കേൾക്കുമെന്ന് പറയുന്നു. അവന്റെ ചെവികൾക്കിടയിൽ എഴുപത് വാര അകലമുള്ള കഴുതപുറത്താണ് സഞ്ചരിക്കുക എന്നു പറയുന്നു. എഴുത്തും വായനയും പഠിച്ചവർക്കും അല്ലാത്തവർക്കും വായിക്കാനാവും വിധം അവന്റെ നെറ്റിയിൽ കാഫറ എന്ന് എഴുതിട്ടുണ്ടാകുമെന്നും പറയുന്നു. ഒരേ സമയം ഒരാളിൽ ഇതെല്ലാം ഒത്തുകൂടുകയെങ്ങനെ?

# ബാബുലുദ്ദിൽ വെച്ച് ദജ്ജാൽ വധം

ദജ്ജാലിന്റെ കഥകഴിക്കുന്ന കാര്യമാണ് ഏറ്റവും ദുരൂഹമാകുക. ബാബുലുദ്ദിൽവെച്ച് ഇബ്നുമർയം ദജ്ജാലിനെ കൊല്ലും, ഇബ്നുമർയമിന്റെ ശ്വസനം ഏൽക്കുന്ന മാത്രയിൽ ദജ്ജാൽ മരിക്കും, ഇബ്നുമർയമിന്റെ മുൻപിൽ വെള്ളത്തിൽ ഉപ്പ് കണക്കെ ദജ്ജാൽ അലിഞ്ഞ് ഇല്ലാതാകും. ദജ്ജാൽ ഒരു വ്യക്തിയാണെങ്കിൽ അവന്റെ വധവും ബാഹ്യാർഥത്തിൽ തന്നെയാണെങ്കിൽ മേൽപറഞ്ഞ മൂന്ന് വിധങ്ങളിൽ കൊല്ലാനാകുമോ? ഇബ്നുമർയമിന്റെ ശ്വസനം ഏൽക്കുമ്പോൾ തന്നെ മരിച്ചുവീഴുന്ന ദജ്ജാലിനെ പിന്നെ ബാബുലുദ്ദിൽ വെച്ച് കൊല്ലുന്നതെങ്ങനെ? വെള്ളത്തിൽ ഉപ്പ് കണക്കെ അലിയുന്ന ദജ്ജാലിനെ വധിക്കാൻ ഇബ്നു മർയം ആയുധമേന്തുന്നതെന്തിന്?

താൻ ഇബ്നുമർയമാണെന്ന് വാദിച്ച ഹദ്റത്ത് അഹ്മദ്(അ) ഈ ദുരൂഹതകളിൽ നിന്നും സത്യാന്വേഷികളെ രക്ഷിക്കുന്നുണ്ട്. അദ്ദേഹം മുസ്ലിംലോകത്തോട് പറഞ്ഞു ബാഹ്യാർത്ഥത്തിൽ ദജ്ജാൽ അവതരിക്കുമെന്ന് കാത്തിരിക്കുന്നത് അബദ്ധമാണ്. നബിതിരുമേനിക്ക് അല്ലാഹുവിങ്കൽ നിന്നും ലഭിച്ച ആത്മദർശനം മുഖേന മനുഷ്യകുലം നേരിടുന്ന ഒരു മഹാവിപത്തിനെ കുറിച്ച് നൽകിയ സൂചനയാണ് ദജ്ജാൽ. ദജ്ജാൽ പുറപ്പെട്ട് ലോകം മുഴുവൻ വ്യാപിച്ചുകഴിഞ്ഞു, ഞാനാണ് ദജ്ജാലിനെ വധിക്കാൻ നിയോഗിക്കപ്പെട്ട ഇബ്നുമർയം.

ബാബുലുദ്ദിൽ വെച്ച് തന്നെ ദജ്ജാലിനെ ഇബ്നുമർയം കൊന്നു, തർക്കത്തിന്റെ കവാടമെന്നാണ് ബാബുലുദ്ദ് എന്ന പദത്തിന്റെ അർഥം.

ഹദ്റത്ത് അഹ്മദ്(അ) ന്റെ കാലഘട്ടത്തിൽ ലോകത്തെ കീഴട ക്കിയിരുന്ന ത്രിയേകത്വ വിശ്വാസവും, മനുഷ്യൻ ജന്മനാൽ പാപി യും, യേശു പാപപരിഹാരാർഥം കുരിശിലേറിയ ദൈവവും, ദൈവ പുത്രനുമാണെന്ന പ്രചരണവും അദ്ദേഹത്തിന്റെ ന്യായവാദങ്ങ ൾക്ക് മുൻപിൽ വെള്ളത്തിലെ ഉപ്പ് കണക്കെ അലിഞ്ഞതും പിന്നീട് അദ്ദേഹത്തിന്റെ ശ്വസനമേൽക്കുന്ന ഭാഗത്തേക്ക് അടുക്കാൻ പോ ലും തയ്യാറാകാതെ ഓടിയൊളിച്ചതും, പല വിവാദങ്ങളിലും ഈ ആശയത്തെ അദ്ദേഹം വെട്ടിപ്പിളർത്തി കൊന്നിട്ടതും മതവിജ്ഞാ നരംഗത്ത് ശ്രദ്ധിക്കുന്നവർക്ക് അജ്ഞാതമല്ല.

ദൈവം മൂന്ന് ചേർന്ന് ഒന്നായതാണെന്ന ദജ്ജാലിയൻ വിശ്വാസ ത്തെ വെല്ലുവിളിച്ചുകൊണ്ട് ഹദ്റത്ത് അഹ്മദ് (അ) പ്രഖ്യാപിച്ചു. ഇത് നിങ്ങൾക്കോ നിങ്ങളുടെ പൂർവപിതാക്കൾക്കോ മനസ്സിലായി ട്ടില്ലാത്ത തനി കള്ളവാദമാണ്. നിങ്ങളുടെ വായകളിൽ നിന്നു വരുന്ന ഈ ആദർശത്തിനു നിങ്ങളുടെ കൈകളിലിരിക്കുന്ന വേദ ഗ്രന്ഥം തന്നെ എതിരാണ്. മനുഷ്യന്റെ രക്ഷകനായി വന്ന യേശു അത് നിർവഹിച്ചത് കുരിശ് മരണത്തിൽ കൂടിയാണെന്ന വാദവും നിങ്ങളുടെ തന്നെ വേദഗ്രന്ഥങ്ങൾക്ക് നിരക്കാത്തതാണ്. യേശു കുരി ശിൽ മരിച്ചിട്ടില്ല. വിശന്നും, ദാഹിച്ചും, ശരീരം തളർന്ന് ജീവൻ വിടാൻ മാത്രം സമയം അദ്ദേഹം കുരിശിൽ കിടന്നിട്ടില്ല. കല്ലറയിൽ അദ്ദേഹം ജീവനോടു കൂടിയാണ് പ്രവേശിപ്പിക്കപ്പെട്ടത്. ജീവനോടു കൂടി തന്നെ കല്ലറക്കു പുറത്ത് വരികയും ശിഷ്യന്മാർക്ക് പ്രത്യക്ഷപ്പെടുകയും ചെയ്തു. അദ്ദേഹം ഇസ്രായേൽ മക്കളെ തേടി കിഴക്കോട്ട് സഞ്ചരിച്ച് കാശ്മീർ വരെ എത്തി. യേശുവിന്റെ അവസാനകാലം കാശ്മിരി ലായിരുന്നു. അവിടെ അദ്ദേഹത്തിന്റെ കല്ലറ സ്ഥിതി ചെയ്യുന്നു.

ലോകവ്യാപിയായ ഒരു സമൂഹത്തിന്റെ അടിസ്ഥാന വിശ്വാസ ത്തിനു നേരെ തൊടുത്തുവിട്ട ഈ ചക്രായുധത്തെ തടയാൻ മഹാ ഭൗതിക ശക്തിയായ ദജ്ജാലിനു സാധിച്ചില്ല. തങ്ങളുടെ വിശ്വാ സത്തിനു തെളിവുകൾ ഉണ്ടെന്ന് സ്ഥാപിക്കാൻ വിവാദത്തിന്റെ കവാടങ്ങളിൽ വന്നപ്പോഴെല്ലാം മൂർച്ചയേറിയ മസീഹിന്റെ ഖഡ്ഗ ത്തെ പ്രതിരോധിക്കാൻ കഴിയാതെ ദജ്ജാൽ മരിച്ചു വീണു.

ദജ്ജാലിനെ വധിക്കാൻ ദൈവം നിയോഗിച്ച ഇബ്നുമർയമാണ് താനെന്ന് വാദിച്ച ഹദ്റത്ത് അഹ്മദ്(അ)മിന്റെ സംഭവങ്ങൾ നിര വധിയാണ്. ചില ഉദാഹരണങ്ങൾ മാത്രമേ ഇവിടെ പറയുന്നുള്ളു.

ത്രിയേകത്വം, പാപപരിഹാര സിദ്ധാന്തം തുടങ്ങിയ ദജ്ജാലിന്റെ വിശ്വാസങ്ങളെ വെല്ലുവിളിച്ചുകൊണ്ടുള്ള പരസ്യം അദ്ദേഹം പതിനായിരക്കണക്കിനു അച്ചടിപ്പിച്ച് യൂറോപ്യൻ രാജ്യങ്ങളിൽ വിതരണം ചെയ്തു. സാക്ഷാൽ ദൈവവുമായി ബന്ധം ഉണ്ടാക്കിത്തീർക്കുന്ന മതം ഇസ്‌ലാം മാത്രമാണെന്നും, ഇസ്‌ലാം മതം മാത്രമേ മനുഷ്യനു ആത്മീയ പുരോഗതി നൽകുന്ന മതമായിയുള്ളുവെന്നും ഇത് നിഷേധിക്കാൻ സാധിക്കുന്ന ഏത് മതസ്തരേയും താൻ വെല്ലുവിളിക്കുന്നുവെന്നും അദ്ദേഹം പരസ്യം ചെയ്തിരുന്നു. പ്രത്യേകിച്ചും ക്രിസ്തുമതത്തെയാണ് അദ്ദേഹം പ്രധാനമായും വെല്ലുവിളിച്ചത്.

ഈ വെല്ലുവിളി പരസ്യം ചെയ്തതിനു പുറമെ അക്കാലത്ത് അറിയപ്പെടുന്ന എല്ലാ പ്രമുഖ വ്യക്തികൾക്കും രജിസ്ട്രേഡ് പോസ്റ്റായിട്ടയക്കുകയും ചെയ്തിരുന്നു.താൻ മുഹമ്മദ് നബി(സ)യുടെ പ്രതി പുരുഷനാണെന്നും,ദൈവത്തെ ബോധ്യപ്പെടുത്തി കൊടുക്കാൻ ഇക്കാലത്ത് ദൈവം നിയോഗിച്ച അവന്റെ ദൂതനാണെന്നും അദ്ദേഹം വ്യക്തമാക്കിയിരുന്നു. തന്റെ കൂടെ വന്നു ഒരു വർഷം താമസിക്കുന്ന ഏതൊരാൾക്കും ഇത് സംബന്ധിച്ച് വ്യക്തമായ അടയാളം കാണിച്ചു കൊടുക്കാൻ സന്നദ്ധനാണെന്നും അദ്ദേഹം പരസ്യം ചെയ്തിരുന്നു. ഇതിൽ താൻ പരാജയപ്പെട്ടാൽ ഭീമമായ സംഖ്യ തന്നിൽ നിന്ന് നഷ്ടപരിഹാരമായി ഈടാക്കാവുന്നതാണെന്നും അദ്ദേഹം വെല്ലുവിളിയോടെ പ്രഖ്യാപിച്ചിട്ട് ആരും തന്നെ ഇതിനെ നേരിടാൻ ധൈര്യം കാണിച്ചില്ല. എല്ലാവരും ഒളിച്ചുകളഞ്ഞു.

ദജ്ജാലിനു അദ്ദേഹത്തിന്റെ ശ്വസനമേൽക്കാൻ ശക്തിയുണ്ടായിരുന്നില്ല. ഇസ്‌ലാം മാത്രമാണ് സത്യമതമെന്നും മുഹമ്മദ് നബി (സ)യിൽ കൂടി മാത്രമേ യഥാർഥ യേശുവിനെ കണ്ടെത്താൻ ആകുകയുള്ളുവെന്നുമുള്ള തന്റെ ശക്തമായ വെല്ലുവിളിയെ സ്വീകരിച്ച് ഒരു വാദപ്രതിവാദത്തിനു 1893ൽ അമൃതസറിലെ കൃസ്ത്യൻ പാതിരിമാർ തയ്യാറായി. അബ്ദുല്ലാ ആഥം (C.F.kn) എന്നുപേരായ ഒരാളായിരുന്നു ക്രിസ്തുപക്ഷത്തു നിന്ന് ഈ ചർച്ച നയിച്ചത്. ഇസ്‌ലാം മതത്തിൽ ജനിച്ച ഇയാൾ ക്രിസ്തുമതം സ്വീകരിക്കുകയായിരുന്നു. പലപ്പോഴും ഇയാൾ ഇസ്‌ലാമിനെതിരിലും നബി(സ)ക്കെതിരിലും തൂലിക ചലിപ്പിക്കുകയുണ്ടായി. പതിനഞ്ചു ദിവസം

നീണ്ടു നിന്ന ആ വാദപ്രതിവാദം പാതിരിമാർക്ക് ദയനീയ പരാജയമാണ് എൽപ്പിച്ചത്. ക്രിസ്തുമത വിശ്വാസത്തിലെ മൗലികമായ പലതും വാദപ്രതിവാദത്തിനിടയിൽ അവർക്ക് തള്ളിപറയേണ്ടി വന്നു. വാദപ്രതിവാദത്തിന്റെ അവസാന ഘട്ടത്തിൽ ഹദ്റത്ത് അഹ്മദ്(അ) ഇസ്ലാമിന്റെയും മുഹമ്മദ് നബി (സ)യുടെയും സത്യത ജനസമക്ഷം വെളിപ്പെടുത്തുന്നതിനായി ഒരു പ്രവചനം പ്രസിദ്ധപ്പെടുത്തുകയുണ്ടായി. അതായത് പാതിരി അബ്ദുള്ള ആഥം തന്റെ ഇന്ന ഗ്രന്ഥത്തിൽ മുഹമ്മദ് നബി(സ)യെ കഠിനമായ പദങ്ങൾ കൊണ്ട് ആക്ഷേപിക്കുകയും ദജ്ജാൽ എന്നു വിളിക്കുകയും ചെയ്തിരിക്കുന്നു. **ആകയാൽ അയാൾ സത്യത്തിലേക്ക് മടങ്ങാത്ത പക്ഷം അടുത്ത പതിനഞ്ചു വർഷങ്ങൾക്കകം മരണമാകുന്ന ഗർത്തിലേക്ക് അയാൾ തള്ളപ്പെടും.** എന്നായിരുന്നു പ്രവചനം.

പാതിരി അബ്ദുല്ല ആഥം ഈ പ്രവചനം കേട്ട് ഭയവിഹ്വലനായി. അയാൾ അനേകർ തടിച്ച് കൂടിയ വാദപ്രതിവാദ സദസ്സിൽ വെച്ച് രണ്ടു ചെവിയും പൊത്തി കൊണ്ടും,നാവ് വെളിയിലേക്ക് നീട്ടിക്കൊണ്ടും,വിളിച്ചു പറഞ്ഞു, ഞാൻ മുഹമ്മദ് നബി(സ)യെ ദജ്ജാലെന്ന് വിളിച്ചിട്ടേയില്ല. ഇല്ല, എന്ന്. തുടർന്നുള്ള അയാളുടെ ദിവസങ്ങളിൽ പരിഭ്രമത്തിന്റെയും ആധിയുടേതുമായിരുന്നു. തന്നെ ആരോ വധിക്കാൻ പിന്തുടരുന്നതായും എന്തോ അപകടം പതിയിരിക്കുന്നതായും അദ്ദേഹം ഒരോ നിമിഷവും ഭയപ്പെടാനും കരയാനും തുടങ്ങി. പല സ്ഥലങ്ങളിലേക്കും ഇയാൾ താമസം മാറ്റി നോക്കി. സഹായികളായ സഭക്കാർ പോലീസ് കാവൽ വരെ ഏർപ്പെടുത്തിയിട്ടും അദ്ദേഹത്തിനു സ്വസ്ഥത ലഭിച്ചില്ല. ഒടുവിൽ പശ്ചാത്താപത്താൽ സുഖം പ്രാപിച്ചു.

കടുത്ത അപമാനത്തിലകപ്പെട്ട ക്രൈസ്തവ മിഷനറിമാർ ഒരു പുതിയ ന്യായം പ്രചരിപ്പിച്ചു. അബ്ദുല്ല ആഥം മരിക്കുമെന്ന് പ്രവചിച്ചിട്ട് അത് സംഭവിച്ചില്ലാ എന്നായിരുന്നു അത്. ജനശ്രദ്ധയാകർഷിച്ച വാദപ്രതിവാദത്തിന്റെ യാഥാർഥ്യം മറ്റുള്ളവർ അറിയാതിരിക്കാനും കൂടിയായിരുന്നു പ്രചാരണം.

ഇതിനു മറുപടിയായി ഹദ്റത്ത് അഹ്മദ്(അ) അബ്ദുല്ല ആഥിം പശ്ചാത്തപിച്ചിട്ടില്ലെന്ന് സത്യം ചെയ്താൽ താൻ നാലായിരം രൂപ പാരിതോഷികം നൽകാമെന്നും ആ സത്യത്തിന്റെ അടിസ്ഥാന

ത്തിൽ അടുത്ത ഒരു വർഷത്തിനകം അയാൾ മരിക്കുക തന്നെ ചെയ്യുമെന്നും അങ്ങനെ സംഭവിച്ചിട്ടില്ലെങ്കിൽ തന്നെ കഷ്ണം കഷ്ണമായി കൊന്നുകൊള്ളാനും ആഹ്വാനം ചെയ്തു. അബ്ദുല്ല ആഥം സത്യം ചെയ്യാൻ തയ്യാറായില്ല. എന്നാൽ പ്രവചനം പുലർന്നില്ലെന്ന പ്രചാരണം പലരും തുടരുകയും ചെയ്തു. ഈ ആഹ്വാനം പ്രസിദ്ധപ്പെടുത്തിയതിന്റെ ഏഴാം മാസം അരോഗദൃഢഗാത്രനായിരുന്ന അബ്ദുല്ല ആഥം മരിച്ചു. അതിനു ശേഷം തന്റെ പരസ്യത്തിനു പ്രാബല്യമുണ്ടെന്നും ആഥമിന്റെ പ്രതിനിധിയായി മറ്റാർക്കുവേണമെങ്കിലും തന്റെ പ്രവചനം പുലർന്നില്ലെന്ന് സത്യം ചെയ്യാമെന്നും അപ്രകാരം ചെയ്യുന്ന വ്യക്തി ഒരു വർഷത്തിനകം നാശമടഞ്ഞില്ലെങ്കിൽ തന്നെ ശിക്ഷിക്കാവുന്നതാണെന്നും ഹദ്റത്ത് അഹ്മദ് (അ) പരസ്യം ചെയ്തു. ഈ വെല്ലുവിളിയെ നേരിടാൻ ക്രൈസ്തവ ലോകം ധൈര്യപ്പെട്ടില്ല. അങ്ങനെ ചരിത്രവിദ്യാർഥികൾക്ക് എക്കാലത്തേക്കും ഒരു പാഠമായി ഈ സംഭവം അവശേഷിച്ചു.

ദജ്ജാലിയൻ വിശ്വാസത്തിനെതിരെ ഹദ്റത്ത് അഹ്മദ് (അ) നടത്തിയ ആത്മീയ പോരാട്ടം നിരവധിയാണ്. അമേരിക്കയിൽ ഡോ. ഡൂയി എന്നു പേരായ ഒരു ക്രിസ്ത്യൻ മിഷണറി ഭൂമുഖത്തു നിന്നും ഇസ്ലാമിനെ തുടച്ചുമാറ്റുമെന്ന് പ്രഖ്യാപിച്ചുകൊണ്ട് രംഗത്ത് വന്നതും, മുഹമ്മദ് നബി(സ) യെ കഠിനമായി ആക്ഷേപിച്ചു കൊണ്ട് നിരവധി ലേഖനങ്ങൾ എഴുതിയതും ഹദ്റത്ത് അഹ്മദ്(അ) വെല്ലുവിളികളോടെ നേരിട്ടു. എന്നാൽ അദ്ദേഹത്തെ ഒരു കൊതുകിന്റെ ആക്രമണമെന്ന് വിശേഷിപ്പിച്ചതും യൂറോപ്പിൽ പൊതുവേയും ക്രിസ്ത്യൻ സമുദായങ്ങൾക്കിടയിൽ പ്രത്യേകമായും ശ്രദ്ധയാകർഷിച്ചു. ഡൂയി പണിതുയർത്തികൊണ്ടിരുന്ന സിയോൺ നഗരം ജനങ്ങൾക്ക് ഒരടയാളമാം വിധം നശിക്കുകയും അവിടെ ആപത്തിറങ്ങുകയും ചെയ്യുമെന്ന് ഹദ്റത്ത് അഹ്മദ്(അ) പ്രഖ്യാപനം ചെയ്തപ്പോൾ പാശ്ചാത്യ വാർത്താമാധ്യമങ്ങളെല്ലാം ഇത് പൊതുജനശ്രദ്ധയിൽ പെടുത്തുകയും ജിജ്ഞാസയോടെ കാത്തിരിക്കുകയും ചെയ്തു. പെട്ടെന്ന് ഡൂയിയുടെ എല്ലാ പ്രതാപങ്ങൾക്കും മങ്ങലേൽക്കുന്ന നാശങ്ങൾ അയാൾക്ക് ഒന്നിനു പുറകെ ഒന്നായി പ്രത്യക്ഷപ്പെട്ടു. മദ്യത്തിനെതിരെ പ്രചാരണം നടത്തിയിരുന്ന അയാൾ വലിയ മദ്യപാനിയായിരുന്നുവെന്ന് തെളിഞ്ഞു. അയാൾ

വ്യഭിചാരത്തിൽ ജനിച്ചവനാണെന്ന് ജനങ്ങൾക്ക് ബോധ്യപ്പെടുന്ന സംഭവങ്ങൾ ഉണ്ടായി. ശിഷ്യന്മാർ ഡൂയിയെ വെറുത്തു കൈയ്യൊഴിഞ്ഞു. അയാൾ സമ്പാദിച്ച കോടിക്കണക്കിനു സ്വത്തുക്കൾക്കു വേണ്ടി ശിഷ്യന്മാർ ശണ്ഠ കൂടി, അവർ അവ പിടിച്ചെടുത്തു. സിയോൺ നഗരത്തിൽ നിന്നയാളെ പുറത്താക്കി. അയാൾക്ക് പെട്ടെന്ന് പക്ഷാഘാതരോഗം ബാധിച്ചു. ഹദ്റത്ത് അഹ്മദ് (അ) ന്റെ പ്രവചനം പരസ്യം ചെയ്ത ഇരുപതാമത്തെ ദിവസം അയാൾ മരിക്കുകയും ചെയ്തു. പാശ്ചാത്യ പത്രമാസികകൾ സംഭവത്തിനു വലിയ പ്രാധാന്യം നൽകുകയും ഹദ്റത്ത് അഹ്മദ്(അ) യുമായുള്ള ആത്മീയ പോരാട്ടത്തിൽ ഡൂയി പരാജയപ്പെട്ടു ദൈവ ശിക്ഷകൾക്ക് പാത്രമായതായി സമ്മതിക്കുക കൂടി ചെയ്തു.

ഈ സംഭവങ്ങളെല്ലാം ദജ്ജാലിയൻ വിശ്വാസക്കാർക്ക് വാഗ്ദത്ത മസീഹിനോടുള്ള ഭീതി വർധിപ്പിച്ചു. അവർ അദ്ദേഹത്തെയും അനുചരസംഘത്തേയും അഭിമുഖീകരിക്കാൻ ധൈര്യപ്പെടാതെ ഒഴിഞ്ഞു മാറാൻ തുടങ്ങി. ഇസ്ലാമിനെ നാമാവശേഷമാക്കുമെന്നും കഅ്ബാശരീഫിൽ കുരിശു നാട്ടുമെന്നും പ്രഖ്യാപനം ചെയ്ത ക്രിസ്തീയ മിഷണറിമാർ തങ്ങളുടെ വീരവാദങ്ങളിൽ നിന്നൊഴിഞ്ഞ് ഹദ്റത്ത് അഹ്മദ് (അ)ന്റെ ശിഷ്യന്മാരിൽ നിന്ന് ഓടിയൊളിച്ചു പോന്നു. ഹദ്റത്ത് മുഹമ്മദ് മുസ്തഫ(സ) പ്രവചിച്ച ദജ്ജാലിനെ വധിക്കുന്ന ഇബ്നുമർയം അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപകരായ ഹദ്റത്ത് അഹ്മദ്(അ) ആണെന്നും അദ്ദേഹത്തിന്റെ ന്യായവാദങ്ങൾക്ക് മുൻപിൽ ദജ്ജാൽ വെള്ളത്തിൽ വീണ ഉപ്പായി മാറിക്കഴിഞ്ഞതാണെന്നും കണ്ണുള്ളവർക്കെല്ലാം കാണാൻ കഴിയുന്നതാണ് .

യുക്തിയുടേയും ന്യായത്തിന്റേയും മുമ്പിലാണ് ദജ്ജാൽ അടിതെറ്റിവീഴുന്നത്. അല്ലാതെ ബാബുലുദ്ദ് എന്ന ഒരു സ്ഥലത്ത് ഇബ്നുമർയമുമായി ആയുധപ്പയറ്റ് നടത്തി കൊല്ലപ്പെടുകയല്ല. അങ്ങനെയാണെന്ന് കരുതുന്നവർ മുസ്ലിംകളിൽ ഒരു വലിയ വിഭാഗം ഇപ്പോഴുമുണ്ട്.

ദജ്ജാൽ ഒരു സത്വമാണെന്നും അയാൾ പെട്ടെന്ന് ഭൂമിയിൽ പ്രത്യക്ഷപ്പെട്ട് നാശം വിതക്കുമെന്നും, ഇയാളെ കൊല്ലാൻ ആകാശത്ത് നിന്ന് ഈസാനബി ഇറങ്ങിവരുമെന്നും വിശ്വസിക്കുന്ന മുസ്ലിം ഭൂരിപക്ഷം അത് ബുദ്ധിയുടേയും യുക്തിയുടേയും അടി

സ്ഥാനത്തിൽ സ്ഥാപിക്കാനാകാതെ വെപ്രാളപ്പെടുന്നുണ്ടെങ്കിലും ഹദ്റത്ത് അഹ്മദ് (അ) യെ അംഗീകരിക്കാതിരിക്കാനും അദ്ദേഹത്തിന്റെ സത്യതയെ നിഷേധിക്കുവാനുമായി ഈ അന്ധവിശ്വാസം പ്രചരിപ്പിച്ചുവരുന്നു.

ഹദ്റത്ത് അഹ്മദ് (അ) നൽകിയ വ്യാഖ്യാനത്തിനു ചില പൊടിപ്പും തൊങ്ങലും വെച്ച് തങ്ങളുടെ നിഗമനങ്ങളാക്കി മാറ്റാൻ ആധുനിക മുസ്‌ലിം തത്വചിന്തകരിൽ ചിലർ ശ്രമം നടത്തിവരുന്നുണ്ട്. പാശ്ചാത്യ ശക്തിയെ ദജ്ജാലെന്ന് വിശേഷിപ്പിക്കാമെന്ന് പല ആധുനിക എഴുത്തുകാരും ഇപ്പോൾ പതുക്കെ പതുക്കെ സമ്മതിക്കുകയും പ്രചരിപ്പിക്കാൻ ശ്രമിക്കുകയും ചെയ്തുവരുന്നു.

എന്നാൽ യുക്തമായ ഈ വ്യാഖ്യാനം നൽകിയ മഹാത്മാവ് ഹദ്റത്ത് അഹ്മദ്(അ) ആണെന്നും അദ്ദേഹം ഹിജ്റാബ്ദം 14ാം നൂറ്റാണ്ടിൽ അവതരിച്ച ദൈവനിയുക്തനാണെന്ന് വാദിച്ചിട്ടുണ്ടെന്നും പറയാതെ അവർ തന്ത്രപൂർവം ഒഴിയുന്നു. കാലം സത്യത്തെ പ്രത്യക്ഷമാക്കുകയും അസത്യത്തെ ഇല്ലാതാക്കുകയും ചെയ്യും. തീർച്ച.

❁❁❁❁❁❁❁❁❁

# DAJJAAL

This is the booklet form of the lecture given on the subject “DAJJAL’’ by Abdurahiman Kakkanad